പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## നാല്പതാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-2006) യുടെ പതിനെട്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## നാല്പതാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2004-2006) യുടെ പതിനെട്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

789/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | .. | 40 |
| അനുബന്ധം II : | | |
| സർക്കാർ ഉത്തരവിന്റെ പകർപ്പ് | .. | 43 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

*ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 29-5-2019-ൽ നിയമസഭാംഗത്വം രാജിവച്ചു.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)യുടെ നാല്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-2006)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ നഗരസഭകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2019 ജൂൺ മാസം 25-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാ വേളയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 ജൂലൈ 2.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ നഗരസഭകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ പതിനെട്ടാമത് റിപ്പോർട്ട് 2006 മാർച്ച് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 29 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ സമർപ്പിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ് എന്നിവ 13-12-2006, 24-10-2007, 31-12-2008, 15-10-2014, 14-6-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ 18-1-2007, 28-11-2007, 19-10-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി തെളിവെടുപ്പ് നടത്തുകയും അധികവിവരങ്ങൾ ആരായുകയും തുടർശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 സർക്കാർ മറുപടി തൃപ്തികരമല്ലാത്ത ശിപാർശകൾ സംബന്ധിച്ച് സമിതി ആരാഞ്ഞ അധികവിവരങ്ങൾ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് കത്തുകൾ അയച്ചിരുന്നിട്ടും ആയത് ലഭ്യമാക്കിയിരുന്നില്ല. പ്രസ്തുത അധികവിവരങ്ങൾ നിരവധി വർഷങ്ങൾക്ക് ശേഷവും സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാതിരുന്നതിനെത്തുടർന്ന് 30-5-2018-ന് തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ 2018 ഒക്ടോബർ മാസത്തിനകം എല്ലാ ശിപാർശ ഖണ്ഡികകൾക്കുമുള്ള മറുപടി ലഭ്യമാക്കുന്നതാണെന്ന് ഭരണ വകുപ്പ് ഉറപ്പ് നൽകുകയും ഈ സമയപരിധിക്കുള്ളിൽ മറുപടി സ്റ്റേറ്റ്മെന്റുകൾ സമിതി മുമ്പാകെ ലഭ്യമാക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി വിലയിരുത്തുകയും വകുപ്പിന്റെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം ടി മറുപടികൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

1.4 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആരാഞ്ഞ അധികവിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ്, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടേയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

**സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർശിപാർശയും**

ഖണ്ഡിക നമ്പർ 7, 8

### ശിപാർശ

2.1.1 പുസ്തകങ്ങളുടെ വില ഡി.ഡി.യോ ചെക്കോ ആയി ബുക്ക് സ്റ്റാളുകൾക്ക് നൽകുന്നതിനുപകരം നിലവിലുള്ള നടപടിക്രമങ്ങളെല്ലാം ലംഘിച്ചുകൊണ്ട് ഡി.പി.സി.യുടെ അംഗീകാരം വാങ്ങാതെ വലിയൊരു തുക റവന്യൂ ഇൻസ്പെക്ടറുടെ കൈവശം നൽകിയത് ക്രമക്കേട് തന്നെയാണ്. ഇതിന് സഹായകമായ നിലപാടെടുത്ത സെക്രട്ടറിക്കും ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല എന്നു മാത്രവുമല്ല, ഇപ്രകാരം ബുക്ക് സ്റ്റാളുകൾക്ക് നേരിട്ട് പണം നൽകാതെ റവന്യൂ ഇൻസ്പെക്ടറുടെ കൈവശം നൽകിയതിന് കാരണങ്ങൾ വ്യക്തമാക്കി പിന്നീടെങ്കിലും ഡി.പി.സി.യുടെ അംഗീകാരം വാങ്ങി, പ്രസ്തുത ക്രമക്കേട് സാധൂകരിക്കേണ്ടതായിരുന്നു. അതിനും നാളിതുവരെ നഗരസഭാ അധികൃതർ ശ്രമിച്ചിട്ടില്ല. ഇക്കാര്യത്തിൽ ക്രമക്കേടുകൾക്കുത്തരവാദികളായവരുടെ പേരിൽ വകുപ്പുതലത്തിൽ കർശന നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.1.2 ആദ്യ പദ്ധതി തന്നെ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഓഫീസ് കം ലൈബ്രറി കോംപ്ലക്സ് എന്ന പുതിയ സ്കീമുമായി മുനിസിപ്പാലിറ്റി മുന്നോട്ട് പോകുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. മാത്രവുമല്ല, ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ആദ്യ പദ്ധതി ഭരണ നിർവ്വഹണത്തിലെ അനാസ്ഥയും നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള കാലതാമസവും കൊണ്ട് മാത്രമാണ് ഉപേക്ഷിക്കേണ്ടിവന്നത്. ഡി.പി.സി. അംഗീകരിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കാനാകാതെ ഉപേക്ഷിക്കേണ്ടി വന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പുസ്തകങ്ങൾ വാങ്ങിയതിന്റെ രസീതും സെക്കന്റ് പർച്ചേസിന്റെ ബില്ലുകളും ഓഡിറ്റ് വെരിഫിക്കേഷന് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.3 (എ) തുടർനടപടികൾ ഉണ്ടാവേണ്ടത് നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നാണെന്നും മേൽ വിഷയവുമായി ബന്ധപ്പെട്ട് നഗരകാര്യ ഡയറക്ടറുടെ കത്തിന് 18-7-2004-ന് മറുപടി നൽകിയതായും അറിയിച്ചിട്ടുണ്ട്.

(ബി) പുസ്തകങ്ങൾ വാങ്ങിയതിന്റെ രസീതും ബില്ലുകളും ഓഡിറ്റ് വെരിഫിക്കേഷന് നൽകിയത് പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുള്ളതും ടി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച 6 അപാകതകളിൽ ഒരെണ്ണം മാത്രം പരിഹരിച്ചിട്ടുള്ളതും ബാക്കിയുള്ളവ പരിഹരിക്കാൻ ശേഷിക്കുന്നതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.1.4 നിയമസഭാ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് സമിതിയുടെ ശിപാർശകളിന്മേൽ നഗരസഭ കൈക്കൊണ്ട തുടർനടപടി റിപ്പോർട്ട് 20-7-2006-ന് ലഭ്യമാക്കിയെങ്കിലും ആയതിന്മേൽ ഈ ഓഫീസ് നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ച് സമഗ്രവും വസ്തുനിഷ്ഠവുമായി മറുപടി തയ്യാറാക്കി ആയത് ഈ കാര്യാലയത്തിന്റെ സാക്ഷ്യപ്പെടുത്തലിനായി നൽകാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ലഭ്യമാക്കാത്തതിനാൽ 17-11-2006-ന് ഓർമ്മക്കുറിപ്പ് നൽകുകയുണ്ടായി. എന്നിട്ടും മറുപടി സാക്ഷ്യപ്പെടുത്തലിനായി ഈ കാര്യാലയത്തിന് നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. എന്നാൽ, റിപ്പോർട്ടിന്മേലുള്ള തുടർനടപടി സംബന്ധിച്ച് അർബൻ അഫയേഴ്സ് ഡയറക്ടർക്ക് 9-2-2007-ന് മറുപടി നൽകുകയും ആയതിന്റെ ഒരു പകർപ്പ് 15-3-2007-ന് ഈ കാര്യാലയത്തിലേക്ക് നൽകുകയുമുണ്ടായി.

<u>24-10-2007-ലെ സമിതി യോഗതീരുമാനം</u>

2.1.5 പ്രസ്തുത ശിപാർശ ഖണ്ഡികകൾ സംബന്ധിച്ച് പാലക്കാട് നഗരസഭ സ്വീകരിച്ച നടപടികൾ തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി, ഇതുസംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി 28-11-2007-ൽ തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

<u>23-11-2007-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി</u>

2.1.6 ക്രമക്കേടുകൾക്ക് ഉത്തരവാദി അന്നത്തെ സെക്രട്ടറി ശ്രീ. എം. ആർ. അഭിലാഷിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ചാർജ്ജ് മെമ്മോ തയ്യാറാക്കി സർക്കാരിൽ 21-11-2007-ൽ സമർപ്പിച്ചിരിക്കുന്നു. തുടർനടപടികൾ സർക്കാരിൽ നിന്നും സ്വീകരിക്കുന്നതാണ്.

2.1.7 ജനകീയാസൂത്രണ പദ്ധതികളുടെ പ്രാരംഭ കാലയളവിൽ ധാരാളം സംശയങ്ങളും ആശയക്കുഴപ്പങ്ങളും നിലനിന്നിരുന്നു. നഗരസഭാ കൗൺസിലുകൾക്ക് പൂർണ്ണ അധികാരം നൽകപ്പെട്ട പദ്ധതിയിൽ സാഹചര്യങ്ങൾക്ക് അനുസരിച്ച് പദ്ധതികളിൽ വ്യതിയാനം വരുത്തുന്നതിന് അവർക്കുണ്ടായ അധികാരം വിനിയോഗിക്കുകയാണ് ചെയ്തതെന്ന്

മനസ്സിലാക്കുന്നു. വാർഷിക കാലയളവിൽ തന്നെ പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുമായിരുന്നില്ല എന്നതിനാലാണ് പദ്ധതിയിൽ മാറ്റം വേണ്ടി വന്നത്. ഈ സാഹചര്യം കണക്കിലെടുക്കണമെന്ന് നഗരകാര്യ വകുപ്പ് അഭ്യർത്ഥിക്കുന്നു. പുസ്തകങ്ങൾ വാങ്ങിയതിന്റെ രസീതും ബില്ലുകളും ഓഡിറ്റിന് പരിശോധനയ്ക്കായി സമർപ്പിക്കുകയും ആയത് 15-7-2004-ൽ നഗരസഭയിൽ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

## 28-11-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി

2.1.8 സെൻട്രൽ ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് പുസ്തകം വാങ്ങിയോയെന്നും, പുസ്തകങ്ങൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 1997-98 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി സെൻട്രൽ ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് പുസ്തകം വാങ്ങിയെന്നും, ആ പുസ്തകങ്ങൾ ജവഹർലാൽ നെഹ്റു ശതാബ്ദി സ്മാരക ചിൽഡ്രൻസ് ലൈബ്രറിയിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. ഡി.പി.സി. അംഗീകരിച്ച പ്രോജക്ട് ആയിരുന്നുവെങ്കിലും ആ വർഷം നടപ്പിലാക്കാൻ കഴിഞ്ഞില്ലായെന്നും പിന്നീട് അതിനുള്ള ഫണ്ട് നീക്കിവയ്ക്കാൻ സാധിച്ചില്ലായെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി അറിയിച്ചു. പുസ്തകങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടോ എന്നുള്ള സമിതിയുടെ ചോദ്യത്തിന് നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന് ശേഷം ബില്ലുകളും രസീതുകളും ഓഡിറ്റിന് ഹാജരാക്കുകയും അവർ അത് പരിശോധിക്കുകയും 2615.75 രൂപ അടയ്ക്കാനുണ്ടെന്ന് അറിയിച്ചതിനെത്തുടർന്ന് ഈ മാസം അടച്ചുതീർത്തുവെന്നും ആയതിന്റെ റിപ്പോർട്ട് കൊണ്ടുവന്നിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

## 28-11-2007-ലെ സമിതി യോഗനിർദ്ദേശം

2.1.9 തുക അടച്ചതിന്റെ വിശദാംശങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന സമിതിക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## 28-11-2007-ലെ സമിതി നിർദ്ദേശ പ്രകാരം സർക്കാർ സ്വീകരിച്ച നടപടി

2.1.10 നിർദ്ദേശപ്രകാരം 2616 രൂപ നഗരസഭാ ഫണ്ടിൽ അടച്ചിട്ടുണ്ട്. രസീത് നമ്പർ 048051 തീയതി 22-11-2007. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 11-2-2008-ലെ എൽ.എഫ്. (പി.എം.) എ 3/488/07 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.1.11 പരാമർശം ഒഴിവാക്കാവുന്നതും വകുപ്പുതല നടപടികൾ ഊർജ്ജിതപ്പെടുത്തുവാനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണെന്ന് ശിപാർശ ചെയ്യുന്നു.

**തുടർശിപാർശ**

**2.1.12 വകുപ്പുതല നടപടി ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ആയത് ബോധ്യപ്പെടുന്നപക്ഷം പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 15, 16

ശിപാർശ

2.2.1 പൂർത്തീകരിച്ച പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും മറ്റനുബന്ധ രേഖകളും അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

2.2.2 ജനകീയാസൂത്രണ പദ്ധതികളുടെ നിർവ്വഹണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങളൊന്നും അന്നത്തെ മുനിസിപ്പൽ സെക്രട്ടറിയുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പാലിച്ചിട്ടില്ലെന്നും വ്യക്തമായ ഉത്തരവുകൾ പോലും നഗരസഭ ലംഘിച്ചിരിക്കുക യാണെന്നും ആയതിനാൽ ഇതുസംബന്ധിച്ച് വിശദമായ അന്വേഷണവും നടപടിയും ആവശ്യമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.2.3 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി നഗരസഭ അറിയിച്ചിട്ടുണ്ട്.

2.2.4 മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടറാണ് നടപടി സ്വീകരിക്കേണ്ടതെന്ന് നഗരസഭയിൽ നിന്നും അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.2.5 നിയമസഭാ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് സമിതിയുടെ ശിപാർശകളിന്മേൽ നഗരസഭ കൈക്കൊണ്ട തുടർനടപടി റിപ്പോർട്ട് 20-7-2006-ന് ലഭ്യമാക്കിയെങ്കിലും ആയതിന്മേൽ ഈ ഓഫീസ് നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ച് സമഗ്രവും വസ്തുനിഷ്ഠവുമായി മറുപടി തയ്യാറാക്കി ആയത് ഈ കാര്യാലയത്തിന്റെ സാക്ഷ്യപ്പെടുത്തലിനായി നൽകാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ലഭ്യമാക്കാത്തതിനാൽ 17-11-2006-ന് ഓർമ്മക്കുറിപ്പ് നൽകുകയുണ്ടായി. എന്നിട്ടും മറുപടി സാക്ഷ്യപ്പെടുത്തലിനായി ഈ കാര്യാലയത്തിന് നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. എന്നാൽ, റിപ്പോർട്ടിന്മേലുള്ള തുടർനടപടി സംബന്ധിച്ച് അർബൻ അഫയേഴ്സ് ഡയറക്ടർക്ക് 9-2-2007-ന് മറുപടി നൽകുകയും ആയതിന്റെ ഒരു പകർപ്പ് 15-3-2007-ന് ഈ കാര്യാലയത്തിലേക്ക് നൽകുകയുമുണ്ടായി.

<u>24-10-2007-ലെ സമിതി യോഗതീരുമാനം</u>

2.2.6 പ്രസ്തുത ശിപാർശയിന്മേൽ പാലക്കാട് നഗരസഭ സ്വീകരിച്ച നടപടികൾ തൃപ്തികരമല്ലായെന്ന് അഭിപ്രായപ്പെട്ട സമിതി, ഇതുസംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി 28-11-2007-ൽ തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

<u>23-11-2007-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി</u>

2.2.7 വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് നൽകിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നഗരസഭ അവ ശേഖരിച്ച് വരുന്നു.

2.2.8 ജനകീയാസൂത്രണ പദ്ധതിയുടെ ആരംഭ ദിശയിലാണ് ഈ പദ്ധതികൾ എല്ലാംതന്നെ നഗരസഭ നടപ്പിലാക്കിയിട്ടുള്ളത്. വ്യക്തമായ നിർദ്ദേശങ്ങളോ മാനദണ്ഡങ്ങളോ പലപ്പോഴും ലഭ്യമായിരുന്നില്ല. നഗരസഭാ കൗൺസിലുകളുടെ തീരുമാനം അന്തിമമാണ് എന്ന ധാരണയും അന്ന് ഉണ്ടായിരുന്നു. സംസ്ഥാന വരുമാനത്തിന്റെ ഒരു വിഹിതം നഗരസഭകൾക്ക് കൈമാറിയപ്പോൾ അവരുടെ പക്കൽ എത്തിച്ചേർന്നത് ലക്ഷക്കണക്കിന് രൂപയായിരുന്നു. അതനുസരിച്ച് അവ കൈകാര്യം ചെയ്യുന്നതിന് വ്യക്തമായ ചട്ടങ്ങളും, സർക്കാർ ഉത്തരവുകളും ആവശ്യമായിരുന്നു. വിവിധ ഏജൻസികളും വകുപ്പുകളും ആണ് പദ്ധതികൾ നടപ്പിലാക്കിയിരുന്നത്. അവ ഏകോപിപ്പിക്കുന്നതിനുള്ള മനുഷ്യശേഷി നഗരസഭകൾക്ക് തനതായി അന്ന് ഉണ്ടായിരുന്നില്ല. ഈ സാഹചര്യങ്ങൾ സമിതി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>28-11-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി</u>

2.2.9 പൂർത്തീകരിച്ച പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളും മറ്റ് അനുബന്ധ രേഖകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ കിട്ടിയിട്ടുണ്ടെന്നും റെയിൽവേയിൽ നിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കാമെന്ന് റെയിൽവേ അധികൃതർ സമ്മതിച്ചിട്ടുള്ളതായും പാലക്കാട് നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

<u>28-11-2007-ലെ സമിതി യോഗനിർദ്ദേശം</u>

2.2.10 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ റിപ്പോർട്ട് ഒരാഴ്ചയ്ക്കകം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന സമിതിക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.11 കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും കെ.എസ്.ഇ.ബി.-യിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചത് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് അയയ്ക്കുകയും ആയത് എൽ.എഫ്.(പി.എം.) 488/07 തീയതി 11-2-2008 ആയി

ഒഴിവാക്കാൻ ശിപാർശ ചെയ്തിട്ടുമുണ്ട്. മൈനർ ഇറിഗേഷൻ ഓഫീസിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായത് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് 3-6-2008-ന് പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്. 23-11-2007-ലെ കത്ത് പ്രകാരം ഡിവിഷണൽ റെയിൽവേ മാനേജർ വർക്സ് (പി.കെ.ഡി.) ബന്ധപ്പെട്ട പ്രവർത്തി പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 31-3-2008-ലും 1-9-2011-ലും 20-12-2011-ലും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഡിവിഷണൽ റെയിൽവേ മാനേജർ വർക്സ് (പി.കെ.ഡി.)-ക്ക് കത്ത് അയച്ചിട്ടുള്ളതാണ്. എന്നാൽ റെയിൽവേയുടെ 2-12-2012-ലെ കത്തിൽ നഗരസഭയോട് പ്രസ്തുത വർക്കിന്റെ പ്ലാൻ സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ നഗരസഭ പ്ലാൻ ഫണ്ട് പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യുകയും റെയിൽവേ ടി പ്രവൃത്തി നടപ്പിലാക്കുകയും ആണ് ചെയ്തിരിക്കുന്നത്. ആയത് സംബന്ധിച്ച് വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് തുടങ്ങി സാങ്കേതികമായ എല്ലാ രേഖകളും അനുമതിയും റെയിൽവേയുടെ ഓഫീസിലാണ് ഉണ്ടായിരിക്കേണ്ടത്. നഗരസഭയിൽ പ്ലാൻ ഫണ്ട് കൈമാറിയത് സംബന്ധിച്ച രേഖകൾ മാത്രമേ ലഭ്യമാവൂ. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തര പ്രാധാന്യം നൽകി നഗരസഭയ്ക്കുണ്ടായ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ടി പ്രവൃത്തിയുടെ ധനവിനിയോഗപത്രിക എത്രയും വേഗം നൽകേണ്ടതാണെന്ന് 22-7-2013-ാം തീയതി ഓഡിറ്റ് ക്ലാർക്കും ഓവർസിയറും നേരിട്ട് ഡിവിഷണൽ ഓഫീസ് വർക്സ് വിഭാഗത്തിലെ സൂപ്രണ്ടിനെ കണ്ട് രേഖാമൂലം ടി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കത്ത് നൽകുകയും ചെയ്തു. ഇത് സംബന്ധമായ രേഖകൾ ലഭ്യമാക്കുന്നതിന് വാക്കാൽ ഒരു മാസത്തെ സമയം റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.2.12 കേരള വാട്ടർ അതോറിറ്റി, കെ. എസ്. ഇ. ബി. എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാവുന്നതാണെന്നും മാനദണ്ഡങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് സമിതിയുടെ തീർപ്പ് ഉണ്ടാകേണ്ടതുണ്ടെന്നും LFPM(A3)488/2007 dated 11-2-2008 പ്രകാരം സമിതിയെ അറിയിച്ചിട്ടുണ്ട്. മൈനർ ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത 20,00,000 രൂപയിൽ 19,82,243 രൂപ ചെലവഴിച്ചതിനുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമായത് പരിശോധിച്ചു. അവശേഷിക്കുന്ന തുക തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ നഗരസഭയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല.

<u>15-10-2014-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.2.13 20 ലക്ഷം രൂപയിൽ ചെലവഴിച്ച 19,82,243 രൂപ കിഴിച്ച് അവശേഷിക്കുന്ന തുക ഈടാക്കുവാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**തുടർശിപാർശ**

**2.2.14 20 ലക്ഷം രൂപയിൽ ചെലവഴിച്ച 19,82,243 രൂപ കിഴിച്ച് അവശേഷിക്കുന്ന തുക ഈടാക്കുവാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 21, 22

ശിപാർശ

2.3.1 എസ്.സി.പി. സ്കീമനുസരിച്ചുള്ള പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി യഥാർത്ഥ ലിസ്റ്റ് നൽകുന്നതിനോ പദ്ധതി വിഹിതം ഫലപ്രദമായി ചെലവഴിക്കുന്നതിനോ നഗരസഭ വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ലെന്ന് വ്യക്തമാണ്. അതിനാലാണ് ലക്ഷക്കണക്കിന് രൂപയുടെ വിനിയോഗമുള്ള പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്താതെ ഇപ്രകാരം ദുർഗതിയുണ്ടായത്. ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.3.2 നഗരകാര്യ ഡയറക്ടർ ഹൗസിംഗ് ബോർഡുമായി ചർച്ച ചെയ്ത് പ്രസ്തുത തുക തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.3 മേൽ വിഷയത്തിന്മേൽ ശ്രദ്ധിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയതായി നഗരസഭയിൽ നിന്നും അറിയിച്ചിട്ടുണ്ട്.

2.3.4 സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമായിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.3.5 നിയമസഭാ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് സമിതിയുടെ ശിപാർശകളിന്മേൽ നഗരസഭ കൈക്കൊണ്ട തുടർനടപടി റിപ്പോർട്ട് 20-7-2006-ന് ലഭ്യമാക്കിയെങ്കിലും ആയതിന്മേൽ ഈ ഓഫീസ് നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ച് സമഗ്രവും വസ്തുനിഷ്ഠവുമായ മറുപടി തയ്യാറാക്കി ആയത് ഈ കാര്യാലയത്തിന്റെ സാക്ഷ്യപ്പെടുത്തലിനായി നൽകാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ലഭ്യമാക്കാത്തതിനാൽ 17-11-2006-ന് ഓർമ്മക്കുറിപ്പ് നൽകുകയുണ്ടായി. എന്നിട്ടും മറുപടി സാക്ഷ്യപ്പെടുത്തലിനായി ഈ കാര്യാലയത്തിന് നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. എന്നാൽ റിപ്പോർട്ടിന്മേലുള്ള തുടർനടപടി സംബന്ധിച്ച് അർബൻ അഫയേഴ്സ് ഡയറക്ടർക്ക് 9-2-2007-ന് മറുപടി നൽകുകയും ആയതിന്റെ ഒരു പകർപ്പ് 15-3-2007-ന് ഈ കാര്യാലയത്തിലേക്ക് നൽകുകയുമുണ്ടായി.

24-10-2007-ലെ സമിതി യോഗനിർദ്ദേശം

2.3.6 പ്രസ്തുത ശിപാർശയിന്മേൽ പാലക്കാട് നഗരസഭ സ്വീകരിച്ച നടപടികൾ തൃപ്തികരമല്ലായെന്ന് അഭിപ്രായപ്പെട്ട സമിതി, ഇതുസംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി 28-11-2007-ൽ തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

23-11-2007-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി

2.3.7 നിശ്ചിത സമയത്തിനകവും അടങ്കൽ തുകയ്ക്കുള്ളിലും പൂർത്തീകരിക്കുന്ന പദ്ധതികൾ മാത്രമേ വിഭാവന ചെയ്ത് നടപ്പാക്കാവൂ എന്ന് ജനകീയാസൂത്രണ മാർഗ്ഗ നിർദ്ദേശങ്ങളിൽ സർക്കാർ ഇപ്പോൾ വ്യക്തമാക്കി വരുന്നു. നഗരസഭകളും അതനുസരിച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരും നഗരകാര്യ വകുപ്പും കൂടുതൽ ശ്രദ്ധ പുലർത്തുന്നതാണ് എന്ന് അറിയിക്കുന്നു. പാലക്കാട് നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ള 18,12,500 രൂപ തിരികെ ലഭിക്കുന്നതിന് ഹൗസിംഗ് ബോർഡുമായി ബന്ധപ്പെടുകയുണ്ടായി. സാമ്പത്തിക പ്രതിസന്ധിമൂലം സർക്കാർ ബഡ്ജറ്റിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പണം നൽകാൻ കഴിയുകയുള്ളുവെന്ന് ബോർഡ് അറിയിക്കുകയും ചെയ്തു. കഴിഞ്ഞ വർഷങ്ങളിൽ ഒന്നും സർക്കാർ ഫണ്ട് ലഭ്യമായിട്ടില്ലെന്ന് 6-11-2007 തീയതിയിലെ L6/DEP/REF.1 നമ്പർ കത്ത് പ്രകാരം ബോർഡ് സെക്രട്ടറി അറിയിച്ചിരിക്കുന്നു. ബോർഡുമായി തുടർന്നും ബന്ധപ്പെടുന്നതാണ്.

28-11-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

2.3.8 പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം സംബന്ധിച്ച വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പദ്ധതി വിഹിതം ഫലപ്രദമായി ചെലവഴിക്കുന്നതിനും ഗുണഭോക്താക്കളുടെ തെരഞ്ഞെടുക്കൽ കുറ്റകരമല്ലാതാക്കുന്നതിനും കൂടുതൽ ഉത്തരവാദിത്വപരമായ സമീപനം കൈക്കൊള്ളണമെന്നുള്ള നിർദ്ദേശം നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും നൽകുമെന്നും, പാലക്കാട് നഗരസഭയ്ക്ക് ഹൗസിംഗ് ബോർഡിൽ നിന്നും ലഭിക്കേണ്ടതായ 18,12,500 രൂപ സർക്കാരിന്റെ ഫണ്ട് കിട്ടിയാൽ മാത്രമേ നൽകാൻ കഴിയുകയുള്ളുവെന്നും ഹൗസിംഗ് ബോർഡ് ഡയറക്ടർ അറിയിച്ചിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

28-1-2016-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി

2.3.9 ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശ പ്രകാരം ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ 30-11-2007-ലെ എഫ്.2/1117/06-ാം നമ്പർ സർക്കുലർ പ്രകാരം എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നൽകിയിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്കും നിയമസഭാ സമിതിയ്ക്കും നൽകിയിട്ടുണ്ട്.

പാലക്കാട് നഗരസഭ ഹൗസിംഗ് ബോർഡിൽ അടച്ചിരുന്ന 23,28,200 രൂപയിൽ പദ്ധതി ആനുകൂല്യം നൽകപ്പെട്ട 5,37,500 രൂപ കിഴിച്ച് ബാക്കി ലഭിക്കാനുള്ള 18,12,500 രൂപ നഗരസഭയ്ക്ക് തിരികെ നൽകണമെന്ന് 24-10-2007-ലെ എഫ്.2/1117/06-ാം നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ഹൗസിംഗ് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു.

25-9-2007-ലെ ബോർഡ് യോഗം മൈത്രി നിക്ഷേപ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബോർഡ് തിരികെ നൽകാനുള്ള നിക്ഷേപ തുക ബോർഡിന് സർക്കാരിൽ നിന്നും കുടിശ്ശിക ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് തിരികെ നൽകാവുന്നതാണെന്ന് തീരുമാനിച്ചിട്ടുള്ളതായും അതിനാൽ സർക്കാരിൽ നിന്നും കുടിശ്ശിക ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പാലക്കാട് നഗരസഭയുടെ നിക്ഷേപ തുക ബോർഡ് തിരികെ നൽകുന്നതാണെന്നും 6-11-2007-ലെ എൽ6/ഡെപ്പോസിറ്റ്/റീഫണ്ട്/01-ാം നമ്പർ കത്ത് പ്രകാരം ഹൗസിംഗ് ബോർഡ് സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ ടി തുക നാളിതുവരെ നഗരസഭയ്ക്ക് തിരികെ നൽകിയിട്ടില്ല. ടി തുക അടിയന്തരമായി നഗരസഭയ്ക്ക് തിരികെ നൽകണമെന്ന് ഈ ഓഫീസിലെ 17-11-2014 തീയതിയിലെ എഫ്.2/1117/06 നമ്പർ കത്ത് പ്രകാരം ഹൗസിംഗ് ബോർഡ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.3.10 5-3-2015-ലെ 539-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമെങ്കിൽ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും നഗരസഭ തീരുമാനിക്കുകയുണ്ടായി. തുടർന്ന്, 25-9-2015-ന് എ 4-5031/2004 നമ്പർ കത്ത് ലഭിച്ച് 30 ദിവസത്തിനകം തുക തിരികെ അടവാക്കാത്തപക്ഷം 12% പലിശ സഹിതം തുക ഈടാക്കാനുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി 17-3-2015-ന് വിളിച്ച് ചേർത്ത യോഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ട തുക സംബന്ധിച്ച് ഭവന നിർമ്മാണ ബോർഡ് വിശദമായ പ്രൊപ്പോസൽ നൽകുന്ന മുറയ്ക്ക് പരിഗണിക്കാമെന്നും സർക്കാരിൽ നിന്ന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാമെന്നും തീരുമാനിച്ചതായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 26-10-2015-ലെ എൽ6/2349/15 നമ്പർ കത്ത് പ്രകാരം പാലക്കാട് നഗരസഭാ സെക്രട്ടറിയെ അറിയിക്കുകയുണ്ടായി. എങ്കിലും, പാലക്കാട് നഗരസഭാ സെക്രട്ടറി തുക ഈടാക്കുന്നതിന് നഗരകാര്യ ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് 20-11-2015-ൽ എ.4-5031/2004 നമ്പരായി കത്തയച്ചിട്ടുണ്ട്.

14-6-2017-ലെ സമിതി യോഗതീരുമാനം

2.3.11 ഹൗസിംഗ് ബോർഡിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി തുകയും പലിശയും ലഭ്യമാക്കി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്നതിനും കൂടാതെ ടി വിഷയം സംബന്ധിച്ച് ഹൗസിംഗ് ബോർഡ് സെക്രട്ടറിയിൽ നിന്നും തെളിവെടുക്കുന്നതിനും തീരുമാനിച്ചു.

19-10-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

2.3.12 ഭവനനിർമ്മാണ ബോർഡ്

പട്ടികജാതി വിഭാഗക്കാരുടെ വീട് നിർമ്മാണത്തിനായി ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ച തുക തിരികെ നൽകിയിട്ടുണ്ടോ എന്ന് സമിതി ആരായുകയും പ്രസ്തുത തുക മുൻകാലത്തെ പദ്ധതി വിഹിതമായി കൊടുത്തതായതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് അടയ്ക്കാതെ നേരിട്ട് ഗവൺമെന്റിലേയ്ക്ക് അടയ്ക്കണമെന്ന് 2015, 2016 വർഷങ്ങളിൽ തീരുമാനമുണ്ടായിട്ടുണ്ടെന്നും പിന്നീട്, ഒരു നിർദ്ദേശം വന്നതിനുശേഷം പണമടച്ചാൽ മതിയെന്ന് ധനകാര്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിമാർ പങ്കെടുത്ത ഒരു യോഗത്തിൽ തീരുമാനമായിട്ടുണ്ടെന്നും സർക്കാർ വിഹിതമായതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകാതെ നേരിട്ട് സർക്കാരിലേയ്ക്ക് അടയ്ക്കാനാണ് പറഞ്ഞിരിക്കുന്നതെന്നും ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുക ഗവൺമെന്റിലേയ്ക്ക് തിരിച്ചടച്ചാൽ മതിയെന്ന നിർദ്ദേശം എപ്പോഴാണ് തന്നതെന്ന സമിതിയുടെ ചോദ്യത്തിന് ലോക്കൽ ബോഡികൾ ഭവന നിർമ്മാണ ബോർഡിലേയ്ക്ക് അടച്ചിട്ടുള്ള ഡെപ്പോസിറ്റ് തുക ഭവന നിർമ്മാണ ബോർഡ് തിരികെ നൽകുമ്പോൾ മുൻകാല ബഡ്ജറ്റിൽ ചെലവഴിക്കാതെ കിടക്കുന്ന തുക എന്ന നിലയിൽ ടി തുക സർക്കാരിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടിവരുമെന്നതിനാൽ ടി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭവന നിർമ്മാണ ബോർഡ് തിരികെ നൽകുന്നതിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ സ്വീകരിക്കുന്നതാണെന്ന് 2016-ൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൂടി ചുമതലയുണ്ടായിരുന്ന ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിക്കുകയുണ്ടായി എന്ന് ഹൗസിംഗ് ബോർഡ് സെക്രട്ടറി സമിതിയിൽ അറിയിച്ചു. മുനിസിപ്പാലിറ്റി ഹൗസിംഗ് ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ മുനിസിപ്പാലിറ്റിയ്ക്കാണോ ഗവൺമെന്റിനാണോ നൽകേണ്ടത് എന്നത് സംബന്ധിച്ച് കൃത്യമായ നിർദ്ദേശം ഇതുവരെ ലഭിച്ചിട്ടില്ലെന്നും ഹൗസിംഗ് ബോർഡ് സെക്രട്ടറി അറിയിച്ചു.

2.3.13 തദ്ദേശസ്വയംഭരണ വകുപ്പ്

ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കാതെയാണ് പദ്ധതി ധനസഹായമായി ലഭിച്ച തുക ഭവന നിർമ്മാണ ബോർഡിന് നൽകിയതെന്ന് സമിതി ചൂണ്ടിക്കാണിച്ചപ്പോൾ 96-97 കാലഘട്ടത്തിൽ ഹൗസിംഗ് ബോർഡിൽ 12,500 രൂപ അടച്ചാൽ ഗുണഭോക്താവിന്

40,000 രൂപ നൽകുന്ന ഒരു സ്കീം ഹൗസിംഗ് ബോർഡ് കൊണ്ടുവരികയും ഈ രീതിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് കൂടിയ പലിശയും ലോണിന് കുറഞ്ഞ പലിശയുമാണ് ഈടാക്കിയിരുന്നതെന്നതിനാൽ പ്രസ്തുത സ്കീം വിജയിച്ചിട്ടില്ലായെന്നും ഈ പദ്ധതി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി നഗരസഭ ഏറ്റെടുത്തെങ്കിലും നഗരസഭയും അവരുടെ വിഹിതമടച്ചില്ലെന്നും പണം പൂർണ്ണമായി അടച്ചെങ്കിൽ മാത്രമേ ഹൗസിംഗ് ബോർഡിന് സ്കീം നടപ്പാക്കാൻ കഴിയൂവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ സാമ്പത്തിക വർഷത്തിന്റെ അവസാനമായപ്പോൾ തുക ലാപ്സാകാതിരിക്കാൻ ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ചതാണെന്നും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയോ മറ്റ് വിധത്തിലുള്ള മുന്നൊരുക്കങ്ങളോ നടത്തിയിട്ടില്ലെന്നതുമാണ് യാഥാർത്ഥ്യമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. പ്രസ്തുത പദ്ധതിയ്ക്കായി നഗരസഭ തയ്യാറാക്കി എന്ന് പറയുന്ന ഗുണഭോക്തൃ ലിസ്റ്റ്, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി വീട് നൽകിയിട്ടുണ്ടെങ്കിൽ സ്കീം ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ, പദ്ധതി വിഭാവനം ചെയ്ത പ്രകാരം 188 പേർക്ക് വീട് കിട്ടിയിട്ടുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ടും 30 ദിവസത്തിനുള്ളിൽ നഗരസഭാ സെക്രട്ടറി സമിതിക്ക് നൽകണമെന്നും അല്ലാത്തപക്ഷം ആയതിന്റെ ഉത്തരവാദിത്വം നഗരസഭാ സെക്രട്ടറിയ്ക്കായിരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

<u>19-10-2017-ലെ സമിതി യോഗതീരുമാനം</u>

2.3.14 പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിച്ച് നൽകാൻ വിഭാവനം ചെയ്ത പദ്ധതിയിൽ ഗുണഭോക്തൃ ലിസ്റ്റ് പോലും തയ്യാറാക്കിയിട്ടില്ലാത്തത് ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തി. നഗരസഭ ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ച തുക നഗരസഭയ്ക്ക് തന്നെ തിരികെ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

<u>**തുടർശിപാർശ**</u>

**2.3.15 തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ നൽകിയ ഉറപ്പുപ്രകാരം പദ്ധതിയ്ക്കായി നഗരസഭ തയ്യാറാക്കി എന്നു പറയുന്ന ഗുണഭോക്തൃ ലിസ്റ്റ്, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി വീട് നൽകിയിട്ടുണ്ടെങ്കിൽ സ്കീം ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ, പദ്ധതി വിഭാവനം ചെയ്ത പ്രകാരം 188 പേർക്ക് വീട് കിട്ടിയിട്ടുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട് എന്നിവ 30 ദിവസത്തിനുള്ളിൽ സമിതി മുമ്പാകെ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**2.3.16 നഗരസഭ ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ച തുക നഗരസഭയ്ക്ക് തന്നെ തിരികെ ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 24, 25

ശിപാർശ

2.4.1 ജനന മരണ രജിസ്ട്രേഷൻ ഫീസ് നിരക്ക് വർദ്ധനവ് നടപ്പാക്കുന്നതിൽ കാലതാമസം വരുത്തിയതുവഴി നഗരസഭയ്ക്കുണ്ടായ നഷ്ടം ജനനമരണ സർട്ടിഫിക്കറ്റിന്റെ രജിസ്റ്റർ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്നും ആയതിനാൽ ടിയാനിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.4.2. ജനന മരണ രജിസ്ട്രേഷന്റെ ചുമതലയുണ്ടായിരുന്ന ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എം. പി. ജനാർദ്ദനൻ നായർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. എൻ. എൽ. വർഗ്ഗീസ് ജോബ്, ശ്രീമതി അച്ചാമ്മ ജോർജ്ജ്, ശ്രീ. എ. ശിവദാസൻ, ശ്രീ. കെ. വിജയപ്രകാശ് എന്നിവർക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.4.3 ജനന മരണ ഫീസ് നിരക്കിലുണ്ടായ വർദ്ധനവ് നടപ്പാക്കുന്നതിൽ കാലതാമസംവരുത്തി നഗരസഭയ്ക്ക് നഷ്ടം വരുത്തിയതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. ടി കാര്യത്തിൽ നഗരകാര്യ ഡയറക്ടറാണ് നടപടി സ്വീകരിക്കേണ്ടതെന്ന് നഗരസഭയിൽ നിന്നും അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.4.4. നിയമസഭാ സമിതിയുടെ 18-ാമത് റിപ്പോർട്ടിലെ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് സമിതിയുടെ ശിപാർശകളിന്മേൽ നഗരസഭ കൈക്കൊണ്ട തുടർനടപടി റിപ്പോർട്ട് 20-7-2006-ന് ലഭ്യമാക്കിയെങ്കിലും ആയതിന്മേൽ ഈ ഓഫീസ് നല്കിയ നിർദ്ദേശങ്ങൾ പരിഗണിച്ച് സമഗ്രവും വസ്തുനിഷ്ഠവുമായി മറുപടി തയ്യാറാക്കി ആയത് ഈ കാര്യാലയത്തിന്റെ സാക്ഷ്യപ്പെടുത്തലിനായി നൽകാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ലഭ്യമാക്കാത്തതിനാൽ 17-11-2006-ന് ഓർമ്മക്കുറിപ്പ് നൽകുകയുണ്ടായി. എന്നിട്ടും മറുപടി സാക്ഷ്യപ്പെടുത്തലിനായി ഈ കാര്യാലയത്തിന് നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. എന്നാൽ റിപ്പോർട്ടിന്മേലുള്ള തുടർനടപടി സംബന്ധിച്ച് അർബൻ അഫയേഴ്സ് ഡയറക്ടർക്ക് 9-2-2007-ന് മറുപടി നൽകുകയും ആയതിന്റെ ഒരു പകർപ്പ് 15-3-2007-ന് ഈ കാര്യാലയത്തിലേയ്ക്ക് നൽകുകയുമുണ്ടായി.

24-10-2007-ലെ സമിതി യോഗതീരുമാനം

2.4.5 പ്രസ്തുത ശിപാർശ ഖണ്ഡികകൾ സംബന്ധിച്ച് പാലക്കാട് നഗരസഭ സ്വീകരിച്ച നടപടികൾ തൃപ്തികരമല്ലായെന്ന് അഭിപ്രായപ്പെട്ട സമിതി, ഇതുസംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി 28-11-2007-ൽ തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

23-11-2007-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി

2.4.6 നഷ്ട സംഖ്യ 58,390 രൂപ ഈടാക്കുന്നതിന് നഗരസഭ 21-11-2007-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. തുക എത്രയും വേഗം ഈടാക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ മരണമടഞ്ഞ ശ്രീ. ശിവദാസൻ ഒഴികെയുള്ളവർക്കെതിരെ ചാർജ്ജ് മെമ്മോ നഗരകാര്യ ഡയറക്ടർ 20-11-2007 തീയതിയിൽ നൽകിയിട്ടുണ്ട്.

28-11-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

2.4.7 ജനന മരണ രജിസ്ട്രേഷൻ ഫീസ് നിരക്ക് വർദ്ധനവ് നടപ്പാക്കുന്നതിലെ കാലതാമസത്തെ സംബന്ധിക്കുന്ന വിഷയത്തിൽ സർക്കാർ നിശ്ചയിച്ച തുക ഈടാക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് ജനന മരണ രജിസ്ട്രേഷൻ ഫീസ് നിരക്ക് വർദ്ധനവ് ഉണ്ടായത് 1-1-2000-ൽ ആണെന്നും അത് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയത് 16-5-2000-ലും ഗസറ്റ് നഗരസഭയ്ക്ക് ലഭ്യമായത് ജൂലൈ മാസത്തിലാണെന്നും അതുകൊണ്ട് തന്നെ ആ കാലഘട്ടത്തിൽ എത്ര വച്ച് പിരിക്കണമെന്ന് അന്നത്തെ ഉദ്യോഗസ്ഥന്മാർക്ക് അറിയില്ലായിരുന്നുവെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

28-11-2007-ലെ സമിതിയോഗതീരുമാനം

2.4.8 ഗസറ്റ് വന്നതിനുശേഷം കാര്യങ്ങൾ തീരുമാനിക്കുന്നത് നിർഭാഗ്യകരമായ അവസ്ഥയാണ് എന്ന് സമിതി അഭിപ്രായപ്പെടുകയും ഗസറ്റ് പ്രസിദ്ധീകരിക്കുന്നത് ഫോർമാലിറ്റിയ്ക്ക് വേണ്ടിയാണെന്നും സർക്കാർ ഉത്തരവ് ഇറക്കിയാൽ, ഉത്തരവ് ഇറങ്ങുന്ന ദിവസം മുതൽ ഓർഡർ പാലിക്കുവാൻ നഗരസഭയ്ക്ക് ബാധ്യതയുണ്ടെന്നും സമിതി ചൂണ്ടിക്കാണിക്കുകയും നഗരസഭ നോട്ടീസ് കൊടുത്തതനുസരിച്ച് 58,390 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി ആയതിന്റെ വിശദാംശം ലോക്കൽ ഫണ്ട് ഡയറക്ടർ മുഖേന സമിതിക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുകയുമുണ്ടായി.

28-11-2007-ലെ സമിതി യോഗ നിർദ്ദേശ പ്രകാരം സർക്കാർ സ്വീകരിച്ച നടപടി

2.4.9 12,531 രൂപ ജീവനക്കാരിൽ നിന്നും പിടിച്ച് നഗരസഭാ ഫണ്ടിൽ അടച്ചിട്ടുണ്ട്. തുക അടയ്ക്കുവാൻ ബാക്കിയുള്ള ഹെൽത്ത് സൂപ്പർവൈസർ ശ്രീ. ജനാർദ്ദനൻ നായർ റിട്ടയർ ചെയ്തതിനാൽ, ടിയാനിൽ നിന്നും 29,195 രൂപ 1-1-2000 മുതൽ പലിശയടക്കം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്കായി റിക്വിസിഷൻ ഫോം നമ്പർ 24 23-7-2013-ന് മലപ്പുറം ജില്ലാ കളക്ടർക്ക് അയച്ചിട്ടുണ്ട്. ശ്രീമതി അച്ചാമ്മ ജോർജ്ജ് തുക അടയ്ക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതാണ്. ടി കേസിന്റെ വിധി ഇതുവരെ പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. ബഹു. ഹൈക്കോടതി വിധി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ശ്രീ. ശിവദാസൻ, ജെ.എച്ച്.ഐ. മരണപ്പെട്ടതിനാൽ തുക ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.4.10 12,531 രൂപ ഈടാക്കിയതിന്റെ രേഖകൾ നഗരസഭ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. റവന്യൂ റിക്കവറിയിലൂടെ 29,195 രൂപ ഈടാക്കിയതായി കാണുന്നില്ല. ശ്രീമതി അച്ചാമ്മ ജോർജ്ജ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്. ശിവദാസൻ, ജെ.എച്ച്.ഐ. മരണപ്പെട്ടതിനാൽ ടിയാന്റെ ബാധ്യത ഒഴിവാക്കുവാൻ ശിപാർശ ചെയ്യാവുന്നതാണ്.

15-10-2014-ലെ യോഗം ആരാഞ്ഞ അധിക വിവരം

2.4.11 12,531 രൂപ ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്നും 29,195 രൂപ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിനും ഇതുസംബന്ധിച്ച് കോടതിയിലുള്ള കേസ് തീർപ്പാക്കാനും കൂടാതെ ശ്രീ. ശിവദാസൻ, ജെ. എച്ച്. ഐ. യുടെ പേരിലുള്ള നടപടി അവസാനിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിച്ചു.

തുടർശിപാർശ

**2.4.12 12,531 രൂപ ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്നും, 29,195 രൂപ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിനും, ഇതുസംബന്ധിച്ച് കോടതിയിലുള്ള കേസ് തീർപ്പാക്കാനും കൂടാതെ ശ്രീ. ശിവദാസൻ, ജെ. എച്ച്. ഐ.-യുടെ പേരിലുള്ള നടപടി അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 41

ശിപാർശ

2.5.1 പ്രസ്തുത ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട് സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും നൽകിയ മറുപടികൾ പരസ്പര വിരുദ്ധമാണ്. അതിനാൽ പരാമർശവുമായി ബന്ധപ്പെട്ട 28 ഫയലുകളും അതുമായി ബന്ധപ്പെട്ട ക്യാഷ് ബുക്കും ഓഡിറ്റിന് വിധേയമാക്കണമെന്നും ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.5.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 18-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 41-ൽ ഉൾപ്പെട്ട (സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2000-01

അദ്ധ്യായം 5 ഖണ്ഡിക 10) 28 വൗച്ചറുകൾ സമിതി ശിപാർശ പ്രകാരം ഓഡിറ്റിന് ഹാജരാക്കി പരിശോധിച്ചപ്പോൾ 42,558 രൂപയുടെ നഷ്ടം കണ്ടെത്തി. [വൗച്ചർ നമ്പർ 20/6-97-ൽ അധിക ചെലവ് രൂപ 25,438 + ഒഴിഞ്ഞ ടാർ വീപ്പകളുടെ വില രൂപ 17,120 (രൂപ 160 x 107) ഈടാക്കാത്തതിൽ വന്ന നഷ്ടം].

1. മേൽപ്പടി നഷ്ടത്തിൽ 34 കാലി വീപ്പയുടെ വില 160 രൂപ പ്രകാരം 5,440 രൂപ കരാറുകാരൻ ശ്രീ. കെ. പി. രഘുനാഥിന്റെ കൈയ്യിൽ നിന്നും വൗച്ചർ നമ്പർ 77/3-2008 പ്രകാരം വസൂലാക്കിയിട്ടുണ്ട്.

2. വൗച്ചർ നമ്പർ 20/6-97 പ്രകാരമുള്ള അധിക ചെലവ് 25,438-ഉം കാലി വീപ്പയുടെ ബാക്കി നിൽക്കുന്ന രൂപ 11,680 (73 x 160 രൂപ)-ഉം അടക്കം അകെ 37,118 രൂപ കോൺട്രാക്റ്റർ ശ്രീ. വി. എ. ഗോപാലനിൽ നിന്നും ഈടാക്കുവാൻ നഗരസഭാ അധികൃതർ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ 12-5-2008-ലെ ജി-4-2008/18176/2008 ഉത്തരവ് പ്രകാരം ചാവക്കാട് തഹസിൽദാർക്ക് ആർ.ആർ. നടപടി എടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടികളുടെ ഫലം അറിവായിട്ടില്ല.

15-10-2014-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.5.3 റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതിയും തുക ഈടാക്കിയതും സംബന്ധിച്ച വിശദവിവരങ്ങൾ രണ്ടാഴ്ചയ്ക്കകം സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**തുടർശിപാർശ**

**2.5.4 റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതിയും തുക ഈടാക്കിയതും സംബന്ധിച്ച വിശദവിവരങ്ങൾ രണ്ടാഴ്ചയ്ക്കകം സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 45

ശിപാർശ

2.6.1 തെറ്റായ തീരുമാനംമൂലം മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം ഉത്തരവാദപ്പെട്ട മുൻ സെക്രട്ടറിയിൽ നിന്നും ഈടാക്കുവാനും ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള അതേ കാര്യങ്ങൾ തന്നെയാണ് ഇപ്പോൾ സമർപ്പിച്ചിട്ടുള്ള തുടർനടപടി റിപ്പോർട്ടിലും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അല്ലാതെ നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്മേൽ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല. കുറ്റങ്ങളും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

കുന്ദംകുളം നഗരസഭ 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 26-ാം ഖണ്ഡിക, നിലവിൽ വീട്ടുള്ളയാൾക്ക് ധനസഹായം നൽകിയത് സംബന്ധിച്ചുള്ള റിപ്പോർട്ട് :

ഓഡിറ്റ് റിപ്പോർട്ടിൽ 26-ാം ഖണ്ഡികയിൽ പറയുന്ന ഗൃഹനിർമ്മാണം ധനസഹായം 1996-ൽ നഗരസഭകൾക്ക് ലഭിച്ച ഉപാധിരഹിത ഫണ്ടിൽ നിന്നും 31-10-1997-ലെ 7-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം പട്ടികജാതിക്കാർക്ക് വീട് വെയ്ക്കുന്നതിനുവേണ്ടി നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഖണ്ഡിക പ്രകാരം പ്രസ്തുത തുക അനർഹമായി നൽകിയതിനാൽ കരാർ പത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 12% നിരക്കിൽ ബന്ധപ്പെട്ട കൗൺസിലർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റർ 9-1-2002-ന് നൽകിയ തുടർ റിപ്പോർട്ടിൽ ഈ തുക നൽകിയ കാലയളവിലെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ടി. കെ. രവിയുടെ പേരിൽ ഓഡിറ്റ് റിപ്പോർട്ട് 26-ാം ഖണ്ഡികയിൽ 39,550 രൂപ ഉൾപ്പെടുത്തി ചാർജ്ജ്/സർചാർജ്ജ് നടപടി സ്വീകരിക്കുകയും ഈ കാര്യം ഈ ഓഫീസിൽ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ശ്രീ. ടി. കെ. രവി, 31-5-1999-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ ബാദ്ധ്യത/ബാദ്ധ്യതരഹിത സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട സമയത്ത് ഈ ഓഫീസിൽ നിന്നും 10-12-2002-ൽ നൽകിയ ബാദ്ധ്യത സർട്ടിഫിക്കറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. ടിയാന്റെ പേരിൽ സർചാർജ്ജ് നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.6.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല.

<u>13-12-2006-ലെ സമിതി യോഗതീരുമാനം</u>

2.6.4 പ്രസ്തുത ശിപാർശയുള്ള കുന്ദംകുളം നഗരസഭാ സെക്രട്ടറിയുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ, കുന്ദംകുളം നഗരസഭാ സെക്രട്ടറിയിൽ നിന്നും തെളിവെടുക്കുന്നതിന് സമിതി തീരുമാനിച്ചു.

<u>18-1-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി</u>

2.6.5 അനർഹന് ഗൃഹനിർമ്മാണ ധനസഹായം നൽകിയതുവഴി കുന്ദംകുളം നഗരസഭയ്ക്കുണ്ടായ 39,550 രൂപയുടെ നഷ്ടം ഉത്തരവാദപ്പെട്ട മുൻ സെക്രട്ടറിയിൽ നിന്ന് ഈടാക്കണമെന്ന ശിപാർശ പ്രകാരം 10% തുക മുൻ സെക്രട്ടറിയുടെ ഡി.സി.ആർ.ജി. യിൽ

നിന്നും പിടിച്ചിട്ടുണ്ടെന്നും ബാക്കി തുക പിടിക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടി ഒരു മാസത്തിനകം പൂർത്തിയാകുമെന്നും കുന്ദംകുളം മുനിസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

2.6.6 ഓഡിറ്റ് കാലയളവിൽ ഈ നഗരസഭയിലെ സെക്രട്ടറിയായിരുന്ന ശ്രീ. റ്റി. കെ. രവി, തടത്തിൽ വീട്, കാണിപ്പയ്യൂർ, കുന്ദംകുളം എന്നവർ എടുത്ത തെറ്റായ തീരുമാനത്തിൽ 35,000 രൂപ ടിയാനിൽ നിന്നും ഈടാക്കുന്നതിന്റെ റവന്യൂ റിക്കവറി നടപടിക്കായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് റിക്വിസിഷൻ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ, തലപ്പിള്ളി താലൂക്ക് തഹസിൽദാരെ റവന്യൂ റിക്കവറിക്കായി ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ശ്രീ. റ്റി. കെ. രവി എന്നവർ ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 3552/09 പ്രകാരം ഫയൽ ചെയ്ത കേസിൽ, ബഹുമാനപ്പെട്ട കോടതിയുടെ 3/2/2009-ലെ വിധി പ്രകാരം റവന്യൂ റിക്കവറി നടപടി മരവിപ്പിക്കുകയും മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 295(9) പ്രകാരമുള്ള സമയപരിധി കണക്കിലെടുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഹർജിക്കാരൻ ഡെപ്യൂട്ടി തഹസിൽദാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് നിയമാനുസൃത ഉത്തരവ് നൽകുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

ആഡിറ്റ് പരാമർശ പ്രകാരമുള്ള തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ കുന്ദംകുളം നഗരസഭ സ്വീകരിച്ചിട്ടുള്ളതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.7 കുന്ദംകുളം നഗരസഭയുടെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. റ്റി. കെ. രവി, തടത്തിൽ വീട്, കാണിപ്പയ്യൂർ, കുന്ദംകുളം എന്നവരിൽ നിന്നും 35,000 രൂപ ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ മരവിപ്പിക്കുന്നതിന് WP(C) No. 3552/09 നമ്പർ കേസിന്മേലുള്ള 3-2-2009-ലെ വിധിയിലൂടെ ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ശ്രീ. റ്റി. കെ. രവി, തലപ്പിള്ളി താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർ മുമ്പാകെ റവന്യൂ റിക്കവറി നടപടികൾക്കെതിരെ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 295(9) പ്രകാരമുള്ള സമയപരിധി തുക തിരികെ ഈടാക്കുന്ന കാര്യത്തിൽ പാലിച്ചിട്ടില്ല എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ഒരു നിയമാനുസൃത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തലപ്പിള്ളി താലൂക്ക് ഓഫീസിൽ 6-1-2016-ന് ബന്ധപ്പെട്ട കക്ഷികളെ വിളിച്ചുചേർത്ത് ഹിയറിംഗ് നടത്തിയിട്ടുണ്ട്.

എന്നാൽ നാളിതുവരെയും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഓഡിറ്റ് പരാമർശത്തിന് സമാനമായ തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വാക്കാൽ നിർദ്ദേശം നൽകുക മാത്രമാണ് നഗരസഭ ചെയ്തിട്ടുള്ളത്.

<u>14-6-2017-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരം</u>

2.6.8 ഹർജിക്കാരൻ ഡെപ്യൂട്ടി തഹസിൽദാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് നിയമാനുസൃത ഉത്തരവ് നൽകിയതിന്റെ പകർപ്പ്, ഇതുസംബന്ധിച്ച കോടതി വിധിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടാനും തീരുമാനിച്ചു.

**<u>തുടർശിപാർശ</u>**

**2.6.9 ഹർജിക്കാരൻ ഡെപ്യൂട്ടി തഹസിൽദാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് നിയമാനുസൃത ഉത്തരവ് നൽകിയതിന്റെ പകർപ്പ്, ഇതുസംബന്ധിച്ച കോടതി വിധിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും സമിതി ആവശ്യപ്പെടുന്നു.**

ഖണ്ഡിക നമ്പർ 51

<u>ശിപാർശ</u>

2.7.1 കരാറുകാരൻ തുക തിരിച്ചടച്ചതിനാൽ ഇതിൽ മുനിസിപ്പാലിറ്റിക്ക് നഷ്ടമുണ്ടായിട്ടില്ല എന്നിരുന്നാലും ഇപ്രകാരം തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പദ്ധതി പണം പാഴാക്കുകയും ചെയ്ത ഉദ്യോഗസ്ഥർ ആരാണെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഭരണവകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.7.2 നഗരസഭയ്ക്കുണ്ടായ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും നിയമസഭാ സമിതിയുടെ ശിപാർശ കണക്കിലെടുത്ത് ഉത്തരവാദിയായ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. സജികുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം എഴുതിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ടു ചെയ്തു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.7.3 ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. സജികുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ

പകർപ്പ് സഹിതം നഗരസഭാ സെക്രട്ടറി 10-6-2006-ലെ ആർ5-9686/06-ാം നമ്പർ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് എഴുതിയിട്ടുണ്ട്. എന്നാൽ നിയമസഭാ സമിതിയുടെ ശിപാർശയിന്മേൽ ഭരണവകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന വിവരം ലഭ്യമല്ല. നിയമസഭാ സമിതി നിർദ്ദേശം പാലിച്ചിട്ടില്ല.

13-12-2006-ലെ സമിതി യോഗനിർദ്ദേശം

2.7.4 പ്രസ്തുത ശിപാർശയിന്മേലുള്ള തുടർനടപടി ത്വരിതപ്പെടുത്താൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടുകൊണ്ട് കത്ത് അയയ്ക്കുവാൻ സമിതി നിർദ്ദേശിച്ചു.

**തുടർശിപാർശ**

**2.7.5 സമിതി ശിപാർശയിന്മേലുള്ള തുടർനടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 57

ശിപാർശ

2.8.1 എസ്റ്റിമേറ്റ് തയ്യാറാക്കിയ എ. ഇ. ശ്രീ. സജികുമാറിൽ ഉത്തരവാദിത്വം ചുമത്തി ബാദ്ധ്യത നിർണ്ണയിച്ച് നഷ്ടം ഈടാക്കണമെന്നും ഇക്കാര്യത്തിൽ എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.8.2 നിയമസഭാ സമിതിയുടെ ശിപാർശ കണക്കിലെടുത്ത് മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. സജികുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് സർക്കാരിലേയ്ക്ക് എഴുതിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.8.3 വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 10-6-2006-ൽ സർക്കാരിലേയ്ക്ക് എഴുതിയതല്ലാതെ നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല.

13-12-2006-ലെ സമിതി യോഗതീരുമാനം

2.8.4 ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് ഭരണവകുപ്പിനോട് ആവശ്യപ്പെടാനും കാലവിളംബത്തിനുള്ള വിശദീകരണം ആരായാനും സമിതി തീരുമാനിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.8.5 1997-98 കാലയളവിൽ മുനിസിപ്പൽ എഞ്ചിനീയർ ആയിരുന്ന ശ്രീ. സജി കുമാറിനെതിരെ അച്ചടക്കനടപടി സ്വീകരിച്ചുകൊണ്ടുള്ള സൂചന ഉത്തരവിന്റെ പകർപ്പ് (അനുബന്ധം II) ഇതോടൊപ്പം അയയ്ക്കുന്നു.

<u>15-10-2014-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം</u>

2.8.6 ഗുരുതരമായ ക്രമക്കേട് കണ്ടുപിടിച്ചുവെങ്കിലും കുറ്റകൃത്യത്തിനനുസൃതമായ ശിക്ഷാനടപടി സ്വീകരിക്കാതെ അതിനെ നിസ്സാരവൽക്കരിച്ച നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. 1997-98 കാലയളവിൽ മഞ്ചേരി നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയർ ആയിരുന്നയാൾക്കെതിരെ ക്രിമിനൽ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

<u>**തുടർശിപാർശ**</u>

**2.8.7 ഗുരുതരമായ ക്രമക്കേട് കണ്ടുപിടിച്ചുവെങ്കിലും കുറ്റകൃത്യത്തിനനുസൃതമായ ശിക്ഷാനടപടി സ്വീകരിക്കാതെ അതിനെ നിസ്സാരവൽക്കരിച്ച നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം 1997-98 കാലയളവിൽ മഞ്ചേരി നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയർ ആയിരുന്നയാൾക്കെതിരെ ക്രിമിനൽ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 59

<u>ശിപാർശ</u>

2.9.1 1998-ൽ നടന്ന കാര്യമായതിനാൽ എത്രയും വേഗം സർക്കാരിൽ നിന്നും സാധൂകരണം തേടണമെന്നും ഇതുസംബന്ധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.9.2 1997-98 സാമ്പത്തിക വർഷത്തെ പ്രോജക്ട് നമ്പർ 25-ന് ഡി.പി.സി. അംഗീകാരമില്ലാതെ നടപ്പിലാക്കിയ നടപടി സാധൂകരിച്ച് കിട്ടുന്നതിനായി ഡി.പി.സി.-യ്ക്കും സർക്കാരിനും അപേക്ഷ നൽകിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.9.3 നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല.

<u>13-12-2006-ൽ സമിതി ആരാഞ്ഞ അധികവിവരം</u>

2.9.4 ശിപാർശയിന്മേൽ അന്തിമ റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

**<u>തുടർശിപാർശ</u>**

**2.9.5 സമിതി ശിപാർശയിന്മേൽ അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.**

ഖണ്ഡിക നമ്പർ 64

<u>ശിപാർശ</u>

2.10.1 കൗൺസിലിന്റെ തീരുമാനം സംബന്ധിച്ച് വിശദമായ ഫയലുണ്ടെങ്കിൽ അത് പരിശോധിച്ച് ഒരു നിഗമനത്തിലെത്തിയ ശേഷം ഒ.പി.യുടെ വിധി കണക്കിലെടുത്ത് തീരുമാനമെടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.10.2 നിലവിൽ ജില്ലാ കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഒ.പി. വിധിയായിട്ടില്ലായെന്നും വിധിയാകുന്ന മുറയ്ക്ക് നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.10.3 ചിട്ട രജിസ്റ്റർ പരിശോധിച്ച് 3,837 രൂപ അടവ് വന്നതായി ബോധ്യപ്പെട്ടു. ഒ.പി.-യുടെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

<u>13-12-2006-ൽ സമിതി യോഗതീരുമാനം</u>

2.10.4 ഒ.പി. വിധിയാകുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് അക്കാര്യം റിപ്പോർട്ട് ചെയ്യണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിക്കാൻ സമിതി തീരുമാനിച്ചു.

**<u>തുടർശിപാർശ</u>**

**2.10.5 ഒ.പി. വിധിയാകുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് അക്കാര്യം റിപ്പോർട്ട് ചെയ്യണമെന്ന് ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 65

<u>ശിപാർശ</u>

2.11.1 പശു വളർത്തൽ പദ്ധതിയിലെ ക്രമക്കേടുകളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടറുടെ 10-1-2003-ലെ എൽ.എഫ്.എ 16/621/00 നമ്പർ കത്ത് പ്രകാരം തീർപ്പ് കൽപ്പിച്ചതാണ്. എന്നിരുന്നാലും എല്ലാ പ്രോജക്ടുകളിലും

ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ മുനിസിപ്പൽ എഞ്ചിനീയർ സജികുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും രണ്ട് മാസത്തിനുള്ളിൽ ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.11.2 നിയമസഭാ സമിതിയുടെ ശിപാർശ കണക്കിലെടുത്ത് മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. സജികുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് സർക്കാരിലേക്ക് എഴുതിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.11.3 മുനിസിപ്പൽ എഞ്ചിനീയർ സജികുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം 10-6-2006-ൽ ആർ5-9686/06-ാം നമ്പർ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് എഴുതിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു.

<u>13-12-2006-ലെ സമിതി യോഗനിർദ്ദേശം</u>

2.11.4 ശിപാർശയിന്മേലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്താനും അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

**<u>തുടർശിപാർശ</u>**

**2.11.5 സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേലുള്ള നടപടി ത്വരിതപ്പെടുത്തി അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 73

<u>ശിപാർശ</u>

2.12.1 നിലവിലുള്ള ഉദ്യോഗസ്ഥനെ ചുമതല ഏല്പിച്ചപ്പോൾ പ്രസ്തുത രേഖകളെല്ലാം കൈമാറിയിരുന്നുവോയെന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ഈ നഷ്ടത്തിനുത്തരവാദിയാരാണെന്ന് കണ്ടെത്തി ടിയാൾക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നും ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.12.2 നഗരസഭ വാടകയ്ക്ക് നൽകിയിരുന്ന മാർക്കറ്റ് സ്റ്റാളുകൾ കരാർ കാലാവധിക്ക് ശേഷവും ഒഴിപ്പിച്ചെടുക്കുന്നതിനോ വാടക ഈടാക്കുന്നതിനോ സമയോചിത നടപടികൾ സ്വീകരിക്കാത്തതുമൂലം നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടത്തിന് ഉത്തരവാദിയായ ക്ലാർക്ക് ശ്രീ. സേതുമാധവന് 23-7-2008-ന് നോട്ടീസ് നൽകിയിരുന്നു. ടി നോട്ടീസിൻപടി

പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ നഷ്ടം റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിന്റെ ഭാഗമായി ടിയാന് ജി2-4715/06 ഫയലിൽ 22-11-2014-ന് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് തുക ഈടാക്കി അറിയിക്കുന്നതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.12.3 മാർക്കറ്റ് സ്റ്റാളുകൾ കരാർ കാലാവധിക്ക് ശേഷം ഒഴിപ്പിച്ചെടുക്കുന്നതിനോ വാടക ഈടാക്കുന്നതിനോ സമയോചിത നടപടി സ്വീകരിക്കാത്തതുമൂലം നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കുന്നതിന്റെ ഭാഗമായി ഉത്തരവാദിയായ ക്ലാർക്ക് ശ്രീ. സേതുമാധവന് 22-11-2014, 31-1-2015 എന്നീ തീയതികളിലായി രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ടിയാന്റെ മേൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയോ അവശേഷിക്കുന്ന തുക തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല.

14-6-2017-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

2.12.4 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടു.

**തുടർശിപാർശ**

**2.12.5 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 82

ശിപാർശ

2.13.1 21-ാം നമ്പർ പരാമർശത്തിലെ രേഖകൾ സമിതിക്ക് അടിയന്തരമായി ലഭ്യമാക്കണമെന്നും ഇതുസംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ക്ലാരിഫിക്കേഷൻ വാങ്ങണമെന്നും സമിതി നിർദ്ദേശിക്കുന്നു. ദേശീയ പുനരർപ്പണദിനത്തിലെ ഉത്തരവിന്റെ പരിധിയെക്കുറിച്ചും പഴയ അൺടൈഡ് ഫണ്ടിന്റെ ഉത്തരവും വിശദമായി പരിശോധിച്ചശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് ഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.13.2 ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്ക് മെമ്മോ നൽകിയെങ്കിലും ഫയൽ പരിശോധിച്ച് മറുപടി നൽകിയില്ലെന്നും ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി ടി വിഷയം പരിഹരിക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.13.3 തുടർനടപടി സ്വീകരിച്ചതിനെ സാധൂകരിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല.

<u>13-12-2006-ലെ സമിതി യോഗ തീരുമാനം</u>

2.13.4 ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്നും ആവശ്യപ്പെടാൻ തീരുമാനിച്ചു.

<u>**തുടർശിപാർശ**</u>

**2.13.5 സമിതി ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.**

ഖണ്ഡിക നമ്പർ 86

<u>ശിപാർശ</u>

2.14.1 പ്രസ്തുത പദ്ധതി സംബന്ധിച്ച കൗൺസിൽ തീരുമാനം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളുന്ന ഫയൽ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.14.2 കൗൺസിൽ തീരുമാനം അടങ്ങുന്ന മിനിട്സ് ബുക്ക് 1998-1999 വർഷത്തിൽ കൃഷിഭവനിൽ നടന്ന ജൈവവള വിതരണം സംബന്ധിച്ച കേസ്സിൽ മലപ്പുറം വിജിലൻസ് ഓഫീസിലാണെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.14.3 കൗൺസിൽ തീരുമാനമടങ്ങുന്ന മിനിട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല.

<u>13-12-2006-ലെ സമിതി യോഗ തീരുമാനം</u>

2.14.4 ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് ഭരണ വകുപ്പിൽ നിന്ന് അടിയന്തരമായി ആവശ്യപ്പെടാൻ തീരുമാനിച്ചു.

<u>**തുടർശിപാർശ**</u>

**2.14.5 സമിതി ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

**സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി ഇടേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും**

ഖണ്ഡിക നമ്പർ 10

ശിപാർശ

3.1.1 ഇക്കാര്യത്തിലുള്ള സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമല്ലെന്നും 68 വയസ്സുള്ളതും കർഷകത്തൊഴിലാളി പെൻഷൻ വാങ്ങുന്നയാളുമായ ശ്രീമതി മാളുവിന് തയ്യൽ മെഷീൻ നൽകിയ നടപടി ദുരൂഹമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല കർശന നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ അർഹതയില്ലാതെ ആനുകൂല്യം വാങ്ങിയ ശ്രീ. മണികണ്ഠനിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.1.2 ശ്രീ. മണികണ്ഠനിൽ നിന്ന് തയ്യൽ മെഷീനിന്റെ വിലയായ 6,717 രൂപ ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.1.3 നിയമസഭാ സമിതിയുടെ 18-ാമത് റിപ്പോർട്ടിലെ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് സമിതിയുടെ ശിപാർശകളിന്മേൽ നഗരസഭ കൈക്കൊണ്ട തുടർനടപടി റിപ്പോർട്ട് 20-7-2006-ന് ലഭ്യമാക്കിയെങ്കിലും ആയതിന്മേൽ ഈ ഓഫീസ് നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ച് സമഗ്രവും വസ്തുനിഷ്ഠവുമായി മറുപടി തയ്യാറാക്കി ആയത് ഈ കാര്യാലയത്തിന്റെ സാക്ഷ്യപ്പെടുത്തലിനായി നൽകാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ലഭ്യമാക്കാത്തതിനാൽ 17-11-2006-ന് ഓർമ്മക്കുറിപ്പ് നൽകുകയുണ്ടായി. എന്നിട്ടും മറുപടി സാക്ഷ്യപ്പെടുത്തലിനായി ഈ കാര്യാലയത്തിന് നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. എന്നാൽ റിപ്പോർട്ടിന്മേലുള്ള തുടർനടപടി സംബന്ധിച്ച് അർബൻ അഫയേഴ്സ് ഡയറക്ടർക്ക് 9-2-2007-ന് മറുപടി നൽകുകയും ആയതിന്റെ പകർപ്പ് 15-3-2007-ന് ഈ കാര്യാലയത്തിലേക്ക് നൽകുകയുമുണ്ടായി.

24-10-2007-ലെ സമിതി യോഗ തീരുമാനം

3.1.4 പ്രസ്തുത ശിപാർശയിന്മേൽ പാലക്കാട് നഗരസഭ സ്വീകരിച്ച നടപടികൾ തൃപ്തികരമല്ലായെന്ന് അഭിപ്രായപ്പെട്ട സമിതി, ഇതുസംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി 28-11-2007-ൽ തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

23-11-2007-ലെ കത്തുപ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി

3.1.5 കർഷക തൊഴിലാളികളാണ് എന്ന വസ്തുത പരിഗണിക്കാതെ തയ്യൽ മെഷീൻ ആനുകൂല്യം നൽകാൻ റിപ്പോർട്ട് സമർപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ നഗരസഭാ സെക്രട്ടറിക്ക് 21-11-2007-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അനർഹമായി ആനുകൂല്യം കൈപ്പറ്റിയ മണികണ്ഠനിൽ നിന്നും തുക തിരിച്ച് പിടിക്കാൻ നഗരസഭാ നടപടികൾ തുടരുന്നു.

28-11-2007-ലെ തെളിവെടുപ്പ് യോഗത്തിൽ.സർക്കാർ നൽകിയ മറുപടി

3.1.6 68 വയസ്സുള്ള മാളു എന്ന കർഷകത്തൊഴിലാളി പെൻഷൻ വാങ്ങുന്ന ആളിന് തയ്യൽ മെഷീൻ കൊടുത്തത് സംബന്ധിച്ച് ഗ്രാമസഭയും കൗൺസിലും പാസ്സാക്കിത്തരുന്ന പട്ടികയിലുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ തയ്യൽ മെഷീൻ നൽകിയിട്ടുള്ളുവെന്നും, നോട്ടപ്പിശക് കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. അർഹതയില്ലാതെ ആനുകൂല്യം വാങ്ങിയ ശ്രീ. മണികണ്ഠനിൽ നിന്നും തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പട്ടികജാതി വനിതകൾക്കുള്ള തയ്യൽ മെഷീനാണ് ഇതെന്നും, മണികണ്ഠന്റെ ഭാര്യയാണ് യഥാർത്ഥ ഗുണഭോക്താവ് എങ്കിലും ചെക്ക് കൊടുത്തത് മണികണ്ഠന്റെ പേരിലാണെന്നും, ഇത് സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസറുമായി ബന്ധപ്പെട്ടപ്പോൾ അർഹതയുള്ള കുടുംബമാണെന്നാണ് അറിയാൻ കഴിഞ്ഞതെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

28-11-2007-ലെ സമിതി യോഗ നിർദ്ദേശം

3.1.7 അർഹതയില്ലാതെ ആനുകൂല്യം വാങ്ങിയ ശ്രീ. മണികണ്ഠനിൽ നിന്നും തുക ഈടാക്കുവാൻ നടപടി എടുക്കുന്നില്ലായെങ്കിൽ പ്രസ്തുത കാലയളവിലെ ഇംപ്ലിമെന്റിംഗ് ഓഫീസറായിരുന്ന സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

28-11-2007-ലെ സമിതി യോഗ നിർദ്ദേശപ്രകാരം സർക്കാർ സ്വീകരിച്ച നടപടി

3.1.8 അനർഹരായവർക്ക് ആനുകൂല്യം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല കർശന നടപടി സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന നഗരസഭാ സെക്രട്ടറി ശ്രീ. എം. ആർ. അഭിലാഷ് എന്നവർ 2011 ആഗസ്റ്റ് 15-ാം തീയതി സർവ്വീസിലിരിക്കെ മരണമടഞ്ഞിട്ടുള്ളതാണ് എന്ന വിവരം അറിയിക്കുന്നു. ടി വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിൽ അറിയിച്ചിട്ടുണ്ട്. അനർഹമായ ആനുകൂല്യം

കൈപ്പറ്റിയ ശ്രീ. മണികണ്ഠൻ തയ്യൽ മെഷീനിന്റെ വിലയായ 2239 രൂപ 6-12-2007 തീയതിയിലെ 00095 നമ്പർ രശീത് പ്രകാരം അടവാക്കിയത് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. (എൽ.എഫ്(പി.എം)എ 3-115/08 തീയതി 25-8-2008).

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയരക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.1.9 നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം ശ്രീ. മണികണ്ഠനിൽ നിന്നും ഈടാക്കുവാൻ ആവശ്യപ്പെട്ട തുക 2239 രൂപ ഈടാക്കിയതിനാലും ഉത്തരവാദിയായ സെക്രട്ടറി എം. ആർ. അഭിലാഷ് മരണമടഞ്ഞതിനാലും പരാമർശം ഒഴിവാക്കുവാൻ ശിപാർശ ചെയ്യാവുന്നതാണ്.

ഖണ്ഡിക നമ്പർ 12

<u>ശിപാർശ</u>

3.2.1 ഡംപർ പ്ലേസർ, എസ്കവേറ്റർ ലോഡർ എന്നിവ വാങ്ങുന്നത് സംബന്ധിച്ച് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരുന്നോ, പരസ്യം നൽകിയിട്ടുണ്ടോ എന്നീ വിവരങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. ടാറ്റാ എഞ്ചിനീയറിംഗ് ആന്റ് ലോക്കോമോട്ടീവ് കമ്പനിയിൽ നിന്ന് ഗവൺമെന്റ് ഉത്തരവ് പ്രകാരമാണോ ഡംപർ പ്ലേസർ വാങ്ങിയതെന്നും ഗുണനിലവാരം, പ്രവർത്തനക്ഷമത എന്നിവ പരിശോധിച്ചിട്ടുണ്ടോയെന്നും ബന്ധപ്പെട്ട ഭരണവകുപ്പ് വിശദമായി അന്വേഷിക്കണമെന്നും, അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.2 ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നഗരകാര്യ ഡയറക്ടറുടെ പക്കലാണെന്നും ഭരണ വകുപ്പ് വിശദമായി അന്വേഷിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ നഗരകാര്യ ഡയറക്ടറാണ് നടപടി സ്വീകരിക്കേണ്ടത് എന്നും നഗരസഭ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.2.3 നിയമസഭയുടെ 18-ാമത് റിപ്പോർട്ടിലെ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് സമിതിയുടെ ശിപാർശകളിന്മേൽ നഗരസഭ കൈക്കൊണ്ട തുടർനടപടി റിപ്പോർട്ട് 20-7-2006-ന് ലഭ്യമാക്കിയെങ്കിലും ആയതിന്മേൽ ഈ ഓഫീസ് നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ച് സമഗ്രവും വസ്തുനിഷ്ഠവുമായി മറുപടി തയ്യാറാക്കി ആയത് ഈ കാര്യാലയത്തിന്റെ സാക്ഷ്യപ്പെടുത്തലിനായി നൽകാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും

ലഭ്യമാക്കാത്തതിനാൽ 17-11-2006-ന് ഓർമ്മക്കുറിപ്പ് നൽകുകയുണ്ടായി. എന്നിട്ടും മറുപടി സാക്ഷ്യപ്പെടുത്തലിനായി ഈ കാര്യാലയത്തിന് നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. എന്നാൽ, റിപ്പോർട്ടിന്മേലുള്ള തുടർനടപടി സംബന്ധിച്ച് അർബൻ അഫയേഴ്സ് ഡയറക്ടർക്ക് 9-2-2007-ന് മറുപടി നൽകുകയും ആയതിന്റെ ഒരു പകർപ്പ് 15-3-2007-ന് ഈ കാര്യാലയത്തിലേയ്ക്ക് നല്കുകയുമുണ്ടായി.

## 24-10-2007-ലെ സമിതി യോഗ തീരുമാനം

3.2.4 പ്രസ്തുത ശിപാർശയിന്മേൽ പാലക്കാട് നഗരസഭ സ്വീകരിച്ച നടപടികൾ തൃപ്തികരമല്ലായെന്ന് അഭിപ്രായപ്പെട്ട സമിതി, ഇത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി 28-11-2007-ൽ തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

## 23-11-2007-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി

3.2.5 ഡമ്പർ പ്ലേസർ, എസ്കവേറ്റർ എന്നിവ വാങ്ങുന്നതിന് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരുന്നില്ല എന്നതും പത്രപരസ്യം നൽകിയിരുന്നുമില്ല എന്നതും പരിശോധനയിൽ വ്യക്തമായി. ടാറ്റാ എഞ്ചിനീയറിംഗ് & ലോക്കോമോട്ടീവ് കമ്പനിയുടെ ഇൻവോയിസ് പ്രകാരമാണ് ഡമ്പർ പ്ലേസർ വാങ്ങിയത്. എസ്കവേറ്ററും ഇപ്രകാരം ഇൻഡ്യ ടെക് എന്ന കമ്പനിയിൽ നിന്നും നേരിട്ട് വാങ്ങി. ഡമ്പർ പ്ലേസറിന്റെ വില സർക്കാർ വകുപ്പുകൾക്ക് നൽകുന്ന പ്രത്യേക കുറഞ്ഞ നിരക്കിലാണ് എന്ന് ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ അംഗീകൃത നിരക്കായ ഡി.ജി. & എസ്.ഡി. നിരക്ക് ആയി ഇതിനെ കണക്കാക്കാൻ വ്യക്തമായ രേഖകൾ ഇല്ല. 1998-99 കാലഘട്ടത്തിലെ ടി നിരക്ക് ഇപ്പോൾ അറിയാനും നിവർത്തിയില്ല. എസ്കവേറ്റർ ലോഡറിന്റെ കാര്യത്തിലും ഇപ്രകാരം ഡി.ജി.എസ്.ഡി. നിരക്ക് അനുവദിക്കുന്ന രേഖകളും ലഭ്യമല്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ആണ് മേൽ 2 ഇനങ്ങളും വാങ്ങിയിട്ടുള്ളത്. അവ ആധുനിക തരത്തിലുള്ള ഈ ഇനം മെഷീനുകൾ ആവശ്യത്തിന് ഉതകുന്നവയാണ് എന്ന ഹെൽത്ത് ഓഫീസറുടെ അഭിപ്രായം പരിഗണിച്ചാണ് വാങ്ങിയിട്ടുള്ളത് എന്ന് നോട്ട് ഫയലിൽ കാണുന്നു. ഈ ഉപകരണങ്ങൾ ഇപ്പോഴും പ്രവർത്തനക്ഷമമാണ് എന്ന് അന്വേഷിച്ച് മനസ്സിലായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നഗരസഭയുടെ തീരുമാനപ്രകാരം വാങ്ങിയ നടപടി സമിതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 28-11-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

3.2.6 ഡമ്പർ പ്ലേസർ, എസ്കവേറ്റർ ലോഡർ എന്നിവ വാങ്ങിയതിലെ അപാകതകൾ സംബന്ധിച്ച് ഭരണ വകുപ്പ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത സാമഗ്രികൾ ഗവൺമെന്റ് റേറ്റ് അനുസരിച്ചല്ല വാങ്ങിയതെന്നും പർച്ചേയ്സിന് പത്ര പരസ്യത്തിലൂടെ ക്വട്ടേഷനോ ടെൻഡറോ ക്ഷണിച്ചിട്ടില്ലെന്നും നഗരകാര്യ ഡയറക്ടർ സമിതി മുമ്പാകെ സമ്മതിച്ചു. ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ

തീരുമാനപ്രകാരമാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും 7,28,127 രൂപയും 14,950 രൂപയുമാണ് ഉപകരണങ്ങൾക്കുള്ള വിലയെന്നും രണ്ടിനും വൗച്ചറുകൾ ഉണ്ടെന്നും ഉപകരണങ്ങൾ വർക്കിംഗ് കണ്ടീഷനിലാണെന്നും നഗരകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു. ഉപകരണങ്ങളുടെ ഉപയോഗം എന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് സ്പെഷ്യലൈസ്ഡ് എക്യുപ്‌മെന്റാണെന്നും വേസ്റ്റ് സാധനങ്ങൾ ഉപകരണത്തിൽ വച്ചിട്ട് പൊക്കി ലോറിയിൽ ഇടാൻ വേണ്ടിയാണ് ഉപയോഗിക്കുന്നതെന്നും നഗരകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു.

<u>28-11-2007-ലെ സമിതി യോഗ തീരുമാനം</u>

3.2.7 സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുവേണം പർച്ചേയ്സ് നടത്തേണ്ടത് എന്ന നിർദ്ദേശിച്ചുകൊണ്ട് സമിതിയുടെ ശിപാർശയിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക നമ്പർ 28

<u>ശിപാർശ</u>

3.3.1 കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.2 ബന്ധപ്പെട്ട എല്ലാ രേഖകളും ലഭ്യമാക്കി.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.3.3 നിയമസഭാ സമിതിയുടെ 18-ാമത് റിപ്പോർട്ടിലെ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് സമിതിയുടെ ശിപാർശകളിന്മേൽ നഗരസഭ കൈക്കൊണ്ട തുടർനടപടി റിപ്പോർട്ട് 20-7-2006-ന് ലഭ്യമാക്കിയെങ്കിലും ആയതിന്മേൽ ഈ ഓഫീസ് നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ച് സമഗ്രവും വസ്തുനിഷ്ഠവുമായി മറുപടി തയ്യാറാക്കി ആയത് ഈ കാര്യാലയത്തിന്റെ സാക്ഷ്യപ്പെടുത്തലിനായി നൽകാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ലഭ്യമാക്കാത്തതിനാൽ 17-11-2006-ന് ഓർമ്മക്കുറിപ്പ് നൽകുകയുമുണ്ടായി. എന്നിട്ടും മറുപടി സാക്ഷ്യപ്പെടുത്തലിനായി ഈ കാര്യാലയത്തിന് നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. എന്നാൽ റിപ്പോർട്ടിന്മേലുള്ള തുടർനടപടി സംബന്ധിച്ച് അർബൻ അഫയേഴ്സ് ഡയറക്ടർക്ക് 9-2-2007-ന് മറുപടി നൽകുകയും ആയതിന്റെ ഒരു പകർപ്പ് 15-3-2007-ന് ഈ കാര്യാലയത്തിലേയ്ക്ക് നൽകുകയുമുണ്ടായി.

24-10-2007-ലെ സമിതി യോഗ തീരുമാനം

3.3.4 28-11-2007-ലെ തെളിവെടുപ്പിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

18-9-2007-ലെ കത്തുപ്രകാരം ലഭ്യമാക്കിയ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

3.3.5 കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റ് വിശദമായി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നാണ് സമിതിയുടെ ശിപാർശ.

അപ്രകാരം ഫയൽ പരിശോധിച്ചതിൽ പാലക്കാട് നഗരസഭയിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ 5 ക്വട്ടേഷനുകൾ ലഭിച്ചതായി കാണുന്നു. ക്വട്ടേഷൻ നോട്ടീസ് അനുസരിച്ച് ദിവസേന 5 ട്രിപ്പ് വെള്ളം വിതരണം ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യാൻ ആവശ്യപ്പെട്ടതിൽ ശ്രീ. അപ്പു എന്നയാൾ 2900 രൂപയ്ക്ക് സമർപ്പിച്ചതാണ് ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ.

ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പ്രകാരം നെഗോഷിയേഷൻ നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയതനുസരിച്ച് മോട്ടോർ ഉപയോഗിച്ച് ടാങ്ക് നിറയ്ക്കുന്നതിന് ട്രിപ്പൊന്നിന് 50 രൂപ ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിക്കാണുന്നു. ലഭിച്ച ക്വട്ടേഷനുകൾ പരിശോധിച്ചതിൽ ക്വട്ടേഷൻ സമർപ്പിച്ച മറ്റ് നാല് വ്യക്തികളും 50 രൂപ തങ്ങൾ ക്വാട്ട് ചെയ്ത കുറഞ്ഞ നിരക്കിനുപുറമേ അധികം ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നതിനാൽ നെഗോഷിയേഷനില്ലാതെ തന്നെ അനുവദിക്കേണ്ടിയിരുന്ന തുകയാണിത്. ഈ സാഹചര്യത്തിൽ നെഗോഷിയേഷൻ നടത്തി നിരക്ക് കൂട്ടിക്കൊടുത്തു എന്ന തെറ്റായ ഫയൽ പരാമർശത്തെ മുൻനിർത്തി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്ത നഷ്ടം നിലനിൽക്കുന്നതല്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു. പരിശോധനാവേളയിൽ മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കാതെ വന്നതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. ആകയാൽ ടി വിശദീകരണത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത ഖണ്ഡികയിലെ ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്നപേക്ഷിക്കുന്നു. (28-11-2007-ലെ സമിതി യോഗം പരിഗണിച്ചു.)

23-11-2007-ലെ കത്തുപ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി

3.3.6 രേഖകൾ ഓഡിറ്റിന് സമർപ്പിച്ചു. ജില്ലാ ആഡിറ്റ് ഓഫീസർ അവ പരിശോധിച്ച്, 7-8-2006-ലെ റിപ്പോർട്ട് പ്രകാരം കണക്കുകൾ അംഗീകരിച്ചു. തടസ്സം ഒഴിവാക്കുന്നതിന് ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

28-11-2007-ലെ യോഗത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ മറുപടി

3.3.7 കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക നമ്പർ 30

ശിപാർശ

3.4.1 നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് റീ-ടെൻഡർ ചെയ്ത നടപടി സമിതി അംഗീകരിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.4.2 പ്രത്യേക പരാമർശമില്ല

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.4.3 മറുപടി അംഗീകരിച്ചു. തുടർനടപടികൾ ആവശ്യമില്ല.

ഖണ്ഡിക നമ്പർ 34

ശിപാർശ

3.5.1 തെങ്ങുകൃഷി വികസന പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ ഉൾപ്പെടുന്ന എൻ. രാമചന്ദ്രൻ, കെ. ശങ്കരൻ എന്നീ രണ്ടുപേരും രണ്ട് കുടുംബമല്ല എന്ന നിഗമനത്തിലെത്തിയ സാഹചര്യത്തിൽ തുക തിരിച്ചുപിടിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും അച്ഛന്റെ പേരിൽ മകൻ വാങ്ങിയ തുകയാണ് തിരിച്ചടയ്ക്കേണ്ടതെന്നും രണ്ടുപേർക്കായി നൽകിയത് 17,675 രൂപയാണെന്നും അതിൽ ഒരു കുടുംബത്തിന് പരമാവധി 10,000 രൂപ നൽകാമെന്നിരിക്കെ ബാക്കി തുകയായ 7,675 രൂപ എത്രയും വേഗം തിരിച്ചുപിടിക്കണമെന്നും ഇതുസംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.5.2 പദ്ധതി നടപ്പിലാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രീ. ബാബു. എ., അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ കഴിഞ്ഞ ഒന്നര വർഷമായി സസ്പെൻഷനിലാണെന്നും അന്നുമുതൽ ഷൊർണ്ണൂർ കൃഷിഭവനിൽ എ.എഫ്.ഒ. തസ്തിക ഒഴിഞ്ഞ് കിടക്കുകയാണെന്നും എ.എഫ്.ഒ. ചാർജ്ജെടുത്താലുടൻ ടി തുക വസൂലാക്കുന്നതിൽ നടപടി കൈക്കൊള്ളുന്നതാണെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.5.3 സമിതി നിർദ്ദേശിച്ച പ്രകാരം 7,675 രൂപ തിരിച്ച് പിടിച്ചതിന്റെ യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല.

13-12-2006-ലെ സമിതി യോഗ തീരുമാനം

3.5.4 പ്രസ്തുത ശിപാർശയുള്ള ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ, ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് സമിതി തീരുമാനിച്ചു.

18-1-2007 ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി

3.5.5 സമിതിയുടെ ശിപാർശ പ്രകാരമുള്ള തുക 7,675 രൂപ 15-1-2007-ൽ തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

18-1-2008-ലെ കത്തുപ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി

3.5.6 ശ്രീ. എൻ. രാമചന്ദ്രൻ എന്നയാൾ അനർഹമായി കൈപ്പറ്റിയ സബ്സിഡി തുകയായ 7,675 രൂപ രസീത് നമ്പർ 722/36055 തീയതി 15-1-2007 പ്രകാരം നഗരസഭയിൽ അടവാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.5.7 സമിതി നിർദ്ദേശിച്ച മുഴുവൻ തുകയും തിരിച്ചടച്ചതിനാൽ ഖണ്ഡിക നമ്പർ 48 (1997-98 സാമ്പത്തിക വർഷം) പ്രകാരമുള്ള പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 37

ശിപാർശ

3.6.1 ബാംബു കോർപ്പറേഷനിൽ 1,80,091 രൂപ നീക്കിയിരിപ്പുണ്ടെന്നും പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ തുക നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ജില്ലാ ബാങ്കിൽ നിന്നും തുക അടിയന്തരമായി വാങ്ങി നഗരസഭാ ഫണ്ടിലേക്ക് തിരിച്ചടപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വിവരം ഒരു മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.6.2 സൊസൈറ്റിക്ക് നൽകിയ അഞ്ചര ലക്ഷം രൂപയും പലിശ സഹിതം ഈടാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ കൈക്കൊള്ളുന്നതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.6.3 സമിതി നിർദ്ദേശിച്ച പ്രകാരം 1,80,091 രൂപ പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും പിൻവലിച്ച് നഗരസഭാ ഫണ്ടിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല.

13-12-2006-ലെ സമിതി യോഗ തീരുമാനം

3.6.4 പ്രസ്തുത ശിപാർശയുള്ള ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

18-1-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി

3.6.5 നഗരസഭാ ഫണ്ടിലേയ്ക്ക് തിരികെ ലഭിക്കാനുള്ള 1,80,091 രൂപ തിരികെ അടപ്പിക്കണമെന്ന സമിതിയുടെ ശിപാർശ പ്രകാരം തുക തിരിച്ച് പിടിക്കുവാൻ സാധിച്ചിട്ടില്ല എന്നും പട്ടികജാതി സഹകരണ സംഘത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ മോശമാണെന്നും, അവിടെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ഇല്ലായെന്നും, ബൈലോ പ്രകാരം പ്രസിഡന്റും സെക്രട്ടറിയും ഒപ്പിട്ടാൽ മാത്രമേ ചെക്ക് മാറുവാൻ സാധിക്കുകയുള്ളൂവെന്നും നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

18-1-2007-ലെ സമിതി യോഗ നിർദ്ദേശം

3.6.6 പ്രസ്തുത ശിപാർശയിന്മേലുള്ള നടപടികളുടെ പുരോഗതി സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

3.6.7 തിരിച്ചടയ്ക്കാനുള്ള ആകെ തുകയിൽ രൂപ 4,00,000 (നാല് ലക്ഷം രൂപ) രസീതി നമ്പർ 4/112064 തീയതി 26-12-2007 പ്രകാരം പട്ടികജാതി സഹകരണസംഘം സെക്രട്ടറി അടവാക്കിയിട്ടുണ്ട്. അടവാക്കാൻ ബാക്കിയുള്ള തുക ബാംബൂ കോർപ്പറേഷനിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് അടയ്ക്കാമെന്ന് കത്തും നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.6.8 പട്ടികജാതി സഹകരണ സംഘത്തിന് 5.5 ലക്ഷം രൂപയാണ് നൽകിയിരിക്കുന്നത്. ഇതിൽ നിന്ന് രണ്ടുലക്ഷം രൂപ സംഘം ബാംബൂ കോർപ്പറേഷന് നൽകിയതിൽ 19,909 രൂപയുടെ ഈറ്റ ബാംബൂ കോർപ്പറേഷൻ സംഘത്തിന് നൽകിയിട്ടുണ്ട്. ബാക്കി തുക 1,80,091 രൂപ ഇപ്പോഴും ബാംബൂ കോർപ്പറേഷന്റെ പക്കലാണ്. ഇത് തിരികെ സംഘത്തിന് ലഭിച്ചിട്ടില്ല. ഈ പദ്ധതിയിൽ നാളിതുവരെ ചെലവഴിക്കാത്ത തുക (550000 -19909) 5,30,091 രൂപയും ആയതിന്റെ പലിശയും തിരിച്ചടക്കേണ്ടതിൽ നാല് ലക്ഷം രൂപയാണ് 26-12-2007-ന് തിരിച്ചടച്ചിട്ടുള്ളത്. അതിനാൽ ബാക്കി തുക പലിശ സഹിതം അടവാക്കുന്നതിന് തുടർനടപടി ആവശ്യമാണ്. സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല. സംഘത്തിന്റെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 39, പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ഷൊർണ്ണൂർ ശാഖ) നിലവിൽ എത്ര രൂപ ഉണ്ടെന്നുള്ള വിവരം പ്രാദേശിക പരിശോധനയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെ തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

18-2-2008-ലെ കത്തുപ്രകാരം ലഭ്യമാക്കിയ ഓഡിറ്റിന്റെ റിപ്പോർട്ട്

3.6.9 18-1-2008-ലെ കത്തുപ്രകാരം ലഭ്യമാക്കിയ ഷൊർണ്ണൂർ നഗരസഭ സ്വീകരിച്ച നടപടികളുടെ പരിശോധനാ റിപ്പോർട്ടിൽ ഷൊർണ്ണൂർ പട്ടികജാതി സർവ്വീസ് സഹകരണ

സംഘത്തിന്റെ അക്കൗണ്ട് നമ്പർ 39-ൽ നിലവിൽ എത്ര രൂപയുണ്ടെന്ന വിവരം ലഭ്യമായില്ല എന്ന പരാമർശിച്ചിരുന്നുവെന്നും ടി സഹകരണ സംഘത്തിന്റെ അക്കൗണ്ടിൽ 58,156 രൂപ ബാക്കിയുണ്ടെന്ന് പാസ്ബുക്കിൻ പ്രകാരം ലഭ്യമായ വിവരം അറിയിച്ചിരിക്കുന്നു.

ഖണ്ഡിക നമ്പർ 48

<u>ശിപാർശ</u>

3.7.1 കെട്ടിട നികുതി കുടിശ്ശിക പിരിച്ചത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1-4-1998 മുതൽ മുൻകാല പ്രാബല്യത്തോടെ വാർഷിക മൂല്യം വർദ്ധിപ്പിച്ച നികുതി പുനർനിർണ്ണയം നടത്തുകയും നഗരസഭയ്ക്ക് നഷ്ടം സംഭവിച്ച 10,275 രൂപ 1-1-1994 മുതൽ 31-12-1997 വരെയുള്ള കാലയളവിലെ വാടക കുടിശ്ശികയിൽ നിന്നും 22-1-1999-ലെ 657-ാം നമ്പർ വൗച്ചർ പ്രകാരം ഈടാക്കിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.7.3 1-1-1994 മുതൽ 31-12-1997 വരെയുള്ള കെട്ടിട വാടക കുടിശ്ശികയിൽ നിന്നും നഗരസഭയ്ക്ക് നഷ്ടമായ കെട്ടിട നികുതി കുടിശ്ശികയായ 10,275 രൂപ ക്രമീകരിച്ച് ബാക്കി തുകയായ 41,673 രൂപ (51948-10275) 22-1-1999-ലെ 657-ാം നമ്പർ വൗച്ചർ പ്രകാരം നൽകിയതായി നഗരസഭയുടെ രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിരിക്കുന്നു.

ഖണ്ഡിക നമ്പർ 69

<u>ശിപാർശ</u>

3.8.1 നികുതി കുടിശ്ശികയിൽ അവശേഷിക്കുന്ന തുകയും പിരിച്ചെടുത്ത് നഗരസഭാ ഫണ്ടിൽ ഒടുക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം നികുതി പിരിവിലുണ്ടായ 12,60,477 രൂപയുടെ കുടിശ്ശികയിൽ നഗരകാര്യ ഡയറക്ടർ മുഖാന്തിരം നിയമസഭാ സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ 12,27,477 രൂപ ഇതിനോടകം പിരിച്ചെടുത്തതായും ഈ ഇനത്തിൽ 33,000 രൂപ കൂടി പിരിച്ചെടുക്കാൻ ബാക്കിയുണ്ടായിരുന്നുള്ളു എന്നും റിപ്പോർട്ട് ചെയ്തു. അവശേഷിക്കുന്ന നികുതി കുടിശ്ശികയായി 33,000 രൂപ കൂടി

പിരിച്ചെടുത്ത് നഗരസഭാ ഫണ്ടിൽ ഒടുക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നായിരുന്നു സമിതി ശിപാർശ ചെയ്തിരുന്നത്. ആയതിനാൽ 32,555 രൂപ പിരിച്ചെടുത്ത് കഴിഞ്ഞിട്ടുള്ളതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.8.3 1997-98 വർഷത്തെ വസ്തു നികുതി കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ടായിരുന്ന 12,60,477 രൂപയിൽ 12,27,477 രൂപ നേരത്തെ പിരിച്ചെടുത്തിരുന്നുവെന്നും ബാക്കി 33,000 രൂപ കൂടി പിരിച്ചെടുക്കാനുള്ളതിൽ 32,555 രൂപയും പിരിച്ചെടുത്ത് കഴിഞ്ഞിട്ടുള്ളതാണ് എന്ന് സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 22-3-2016-ന് നടത്തിയ പ്രാദേശിക പരിശോധന സമയത്ത് രേഖാമൂലം ആവശ്യപ്പെട്ടിട്ടും മേൽ തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. കുടിശ്ശിക നികുതി തുകകൾ പിരിച്ചെടുത്തത് രേഖപ്പെടുത്തിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരം രജിസ്റ്ററുകളിലോ സോഫ്റ്റ്വെയറിലോ ലഭ്യമല്ല. ആയതിനാൽ കുടിശ്ശിക പിരിച്ചെടുത്തു എന്ന് നഗരസഭയുടെ/സർക്കാരിന്റെ മറുപടി പരിശോധിക്കുന്നതിന് ആധാരമായ രേഖകളൊന്നും പരിശോധന സമയത്ത് ലഭ്യമാക്കിയിട്ടില്ലെന്നും ബഹു. സമിതിയെ അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 71

ശിപാർശ

3.9.1 നടപടി പൂർത്തിയാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.9.2 1998-99 വർഷത്തിൽ സപ്ലിമെന്ററി ഡിമാന്റായി ഉൾപ്പെടുത്തിയ 118 കെട്ടിടങ്ങളുടെ വസ്തു നികുതി 1998-99, 1999-2000, 2000-01 വർഷങ്ങളിലും പിരിച്ചെടുക്കാതിരുന്നതുമൂലം 1,63,399 രൂപ നഷ്ടം സംഭവിച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് കണ്ടെത്തിയിരുന്നു. വസ്തു നികുതി ഏത് കാലയളവ് വരെ പിരിച്ചെടുത്തിട്ടുണ്ടെന്ന് കാണിക്കുന്ന റിപ്പോർട്ട് ചേർത്തിരിക്കുന്നു. ക്രമ നമ്പർ 20, 22-ൽ പരാമർശിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞിട്ടുള്ളതും ക്രമ നമ്പർ 20, 40, 116-ൽ പരാമർശിക്കുന്ന കെട്ടിടങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതും ശരിയായി കണ്ടെത്തിയ നമ്പറുകളിൽ നികുതി അടവാക്കിയിട്ടുള്ളതുമാണ്. ഓഡിറ്റ് പരാമർശിച്ചിരിക്കുന്ന കാലയളവിൽ ടി കെട്ടിടങ്ങളുടെ നികുതി അടവാക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരുന്നതിന് അപേക്ഷിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.9.3 1998-99 വർഷത്തിൽ പുതുതായി അസസ്സ് ചെയ്ത 118 കെട്ടിടങ്ങളുടെ 1998-1999, 1999-2000, 2000-2001 വർഷങ്ങളിലെ വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയതുമൂലം സംഭവിച്ച 1,63,399 രൂപ നഷ്ടത്തുക പിരിച്ചെടുത്തതായി സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ടി കാലയളവിലെ നികുതി ഈടാക്കിയതിന്റെ രശീതികൾ/രേഖകൾ 22-3-2016 ന് നടത്തിയ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ തുക പിരിച്ചെടുത്തത് പരിശോധനയിൽ സ്ഥിരീകരിക്കാനായിട്ടില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ടി കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞിട്ടുള്ളതും കെട്ടിടങ്ങൾ നമ്പർ തെറ്റായി ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയതും ഒഴികെയുള്ളവയുടെ വസ്തു നികുതി ഈടാക്കിയിട്ടുണ്ട് എന്ന വിവരവും ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഖണ്ഡിക നമ്പർ 76

<u>ശിപാർശ</u>

3.10.1 ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അടിയന്തരമായി സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.10.2 നഗരസഭയിലെ മാർക്കറ്റ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 1, 2 ഇനങ്ങളായ മണ്ണ് സൈറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനും കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് കൺസോളിഡേഷൻ നടത്തിയ ഇനത്തിലുമായി അധിക നിരക്ക് നൽകിയതുമൂലം 32,589 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും ഇത്തരം ക്രമക്കേടുകൾ തുടർന്നിട്ടുണ്ടെങ്കിൽ പരിശോധിച്ച് നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കണമെന്നാണ് ഓഡിറ്റ് നിർദ്ദേശം. അധികം കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിന് കരാറുകാരനായ സി. കെ. മുഹമ്മദ് എന്ന മാനുവിന് 11-8-2014, 13-11-2014 തീയതികളിൽ നോട്ടീസ് നൽകുകയും വിശദീകരണം വാങ്ങുകയും ചെയ്തിട്ടുണ്ട്. ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള തുക മാത്രമേ താൻ വാങ്ങിയിട്ടുള്ളൂ എന്നും അധികം കൈപ്പറ്റിയിട്ടില്ലെന്നുമാണ് കരാറുകാരൻ അറിയിച്ചത്. ഈ പ്രവർത്തിക്ക് സാങ്കേതികാനുമതി നൽകിയ വിശാല കൊച്ചി വികസന അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീമതി കെ.എ. സരളയിൽ നിന്നും തുക ഈടാക്കുന്നതിന് ടിയാളുടെ പേരും വിലാസവും അറിയിക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചത് പ്രകാരം ടിയാളുടെ മേൽവിലാസം 5-8-2004-ൽ ലോക്കൽ ഫണ്ട് ഡിപ്പാർട്ട്മെന്റിനെ അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21-8-2014-ലെ സർക്കുലർ നമ്പർ 22515/എസി2/11 ത.സ്വ.ഭ.വ. പ്രകാരം മണ്ണിട്ട് നികത്തുന്ന പ്രവൃത്തിക്ക് നിരക്ക്

കണക്കാക്കുമ്പോൾ ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ലെന്നും (ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. അഡ്മിനിസ്ട്രേഷന്റെ) 6-1-2005-ലെ 02/2005 നമ്പർ സർക്കുലർ തദ്ദേശസ്വയംഭരണ വകുപ്പിനും (മുൻകാല പ്രാബല്യത്തോടെ) ബാധകമാക്കി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ തടസ്സവാദം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.10.3 നഗരസഭയിലെ മാർക്കറ്റ് പുനരുദ്ധാരണത്തിന് അധിക നിരക്ക് അനുവദിച്ചതു മൂലമുണ്ടായ 32,587 രൂപയുടെ നഷ്ടം തിരികെ ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. മണ്ണിട്ട് നികത്തുന്ന പ്രവൃത്തികൾക്ക് നിരക്ക് കണക്കാക്കുമ്പോൾ ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ലെന്ന ചീഫ് എഞ്ചിനീയറുടെ 2/2005 നമ്പർ സർക്കുലർ മുൻകാല പ്രാബല്യത്തോടെ തദ്ദേശസ്വയംഭരണ വകുപ്പിനും ബാധകമാക്കി 21-8-2014-ലെ 22512/എ.സി2/11/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതിനാൽ മേൽ ഓഡിറ്റ് തടസ്സം തുടരേണ്ടതില്ലെന്ന അഭിപ്രായം അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 90

<u>ശിപാർശ</u>

3.11.1 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലുള്ള അപാകതകൾ സംബന്ധിച്ച് വാർഡ് സഭയും കൗൺസിലും അംഗീകരിച്ചിട്ടില്ല എന്നാണ് ആഡിറ്റ് പരാമർശം. അതിനാൽ കൗൺസിൽ തീരുമാനം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളുന്ന ഫയൽ 15 ദിവസത്തിനകം ഓഡിറ്റിനായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.11.2 നിർദ്ധനരായ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യുമ്പോൾ ഗുണഭോക്തൃ വിഹിതം വാങ്ങാതിരുന്നത് സംബന്ധിച്ച് നഗരസഭാ സെക്രട്ടറി വിശദീകരണം നൽകിയിട്ടുണ്ട്. വിശദീകരണം ചുവടെ ചേർക്കുന്നു.

3.11.3 1997-98 വർഷത്തിൽ യൂണിഫോം വിതരണ പദ്ധതിയിൽ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യുമ്പോൾ ഗുണഭോക്തൃവിഹിതം വാങ്ങാതിരുന്നത് സംബന്ധിച്ച്-ഈ വിഷയത്തിൽ യൂണിഫോമിനായി ആവശ്യമായ തുണി തികച്ചും സൗജന്യമായി നൽകണം എന്ന കാഴ്ചപ്പാടോടെയാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. തുന്നൽ കൂലിയായി വരുന്ന ചെലവ് ഗുണഭോക്തൃവിഹിതമായി കണക്കുകൂട്ടുകയാണ് ചെയ്തത്. ഈ രീതിയിലാണ് പ്രോജക്ട് നിർവ്വഹണം നടത്തിയത്. പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം സംബന്ധിച്ച വിഷയങ്ങൾ വിശദമായി

പ്രതിപാദിച്ചിരുന്നില്ല. വിദ്യാർത്ഥികൾക്ക് തയ്യൽക്കൂലിയുടെ ഭാരം കൂടാതെ അധികഭാരം കൊടുക്കരുത് എന്ന കാഴ്ചപ്പാടോടെയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയത്. ഈ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരുന്നതിന് അപേക്ഷിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.11.4 കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2019 ജൂലൈ 2.

അനുബന്ധം 1

# പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.12 | തദ്ദേശസ്വയംഭരണം | വകുപ്പുതല നടപടി ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ആയത് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 2 | 2.2.14 | ,, | 20 ലക്ഷം രൂപയിൽ ചെലവഴിച്ച 19,82,243 രൂപ കിഴിച്ച് അവശേഷിക്കുന്ന തുക ഈടാക്കുവാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.15 | ,, | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ നൽകിയ ഉറപ്പ് പ്രകാരം പദ്ധതിയ്ക്കായി നഗരസഭ തയ്യാറാക്കി എന്നു പറയുന്ന ഗുണഭോക്തൃ ലിസ്റ്റ്, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി വീട് നൽകിയിട്ടുണ്ടെങ്കിൽ സ്കീം ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ, പദ്ധതി വിഭാവനം ചെയ്ത പ്രകാരം 188 പേർക്ക് വീട് കിട്ടിയിട്ടുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട് എന്നിവ 30 ദിവസത്തിനുള്ളിൽ സമിതി മുമ്പാകെ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 4 | 2.3.16 | ,, | നഗരസഭ ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ച തുക നഗരസഭയ്ക്ക് തന്നെ തിരികെ ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 2.4.12 | ,, | 12,531 രൂപ ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്നും, 29,195 രൂപ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിനും, ഇത് സംബന്ധിച്ച് കോടതിയിലുള്ള കേസ് തീർപ്പാക്കാനും കൂടാതെ ശ്രീ. ശിവദാസൻ, ജെ.എച്ച്.ഐ.-യുടെ പേരിലുള്ള നടപടി അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 6 | 2.5.4 | ,, | റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതിയും തുക ഈടാക്കിയതും സംബന്ധിച്ച വിശദവിവരങ്ങൾ രണ്ടാഴ്ചയ്ക്കകം സമിതിക്ക് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 2.6.9 | ,, | ഹർജിക്കാരൻ ഡെപ്യൂട്ടി തഹസിൽദാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് നിയമാനുസൃത ഉത്തരവ് നൽകിയതിന്റെ പകർപ്പ്, ഇത് സംബന്ധിച്ച കോടതി വിധിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും സമിതി ആവശ്യപ്പെടുന്നു. |
| 8 | 2.7.5 | ,, | സമിതി ശിപാർശയിന്മേലുള്ള തുടർനടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 2.8.7 | ,, | ഗുരുതരമായ ക്രമക്കേട് കണ്ടുപിടിച്ചുവെങ്കിലും കുറ്റകൃത്യത്തിനനുസൃതമായ ശിക്ഷാനടപടി സ്വീകരിക്കാതെ അതിനെ നിസ്സാരവൽക്കരിച്ച നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം 1997-98 കാലയളവിൽ മഞ്ചേരി നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയർ ആയിരുന്ന ആൾക്കെതിരെ ക്രിമിനൽ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | 2.9.5 | ,, | സമിതി ശിപാർശയിന്മേൽ അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു. |
| 11 | 2.10.5 | ,, | ഒ.പി. വിധിയാകുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് അക്കാര്യം റിപ്പോർട്ട് ചെയ്യണമെന്ന് ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 2.11.5 | ,, | സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേലുള്ള നടപടി ത്വരിതപ്പെടുത്തി അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 2.12.5 | ,, | സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 2.13.5 | ,, | സമിതി ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു. |
| 15 | 2.14.5 | ,, | സമിതി ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

**അനുബന്ധം 11**

## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് - 1997 - 98 കാലയളവിലെ മഞ്ചേരി നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ. പി.ആർ. സജികുമാറിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് - അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ ഡബ്ല്യൂ) വകുപ്പ്

സ.ഉ (സാധാ) നം. [illegible]/2012/ത.സ്വ.ഭ.വ  തീയതി, തിരുവനന്തപുരം, 20.0[illegible].2012

---

പരാമർശം :- 1. മഞ്ചേരി മുനിസിപ്പൽ സെക്രട്ടറിയുടെ 10.06.2006 ലെ ആർ.5 - 9660/06 നമ്പർ കത്ത്.

2. 02.11.2006 ലെ 24529/ഇ.ഡബ്ല്യു1/06/ത.സ്വ.ഭ.വ നമ്പർ കുറ്റാരോപണ മെമ്മോയും പത്രികയും.

3. 18.01.2007 ൽ ശ്രീ. പി.ആർ. സജികുമാർ സമർപ്പിച്ച പ്രതിവാദ പത്രിക

4. 13.07.2010 ലെ 16939/EW1/10/ത.സ്വ.ഭ.വ നമ്പരായി നൽകിയ കാരണം കാണിക്കൽ നോട്ടീസ്.

5. 04.09.2010 ൽ ശ്രീ.പി.ആർ.സജികുമാർ സമർപ്പിച്ച മറുപടി.

6. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.06.2011 ലെ ഇ 13/വി.3/7505/06/സി.ഇ/ത.സ്വ.ഭ.വ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004 - 06) യുടെ മഞ്ചേരി നഗരസഭയെ സംബന്ധിക്കുന്ന റിപ്പോർട്ടുകളിൽ

789/19

1997-98 കാലയളവിൽ മുനിസിപ്പൽ എഞ്ചിനിയറായിരുന്ന ശ്രീ.സജികുമാറിനെതിരെ വകുപ്പുതല അച്ചടക്ക നടപടിയ്ക്ക് പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. അതിൻപ്രകാരം ശ്രീ.പി.ആർ.സജികുമാറിന് പരാമർശം 2 പ്രകാരം താഴെ പറയുന്ന ക്രമക്കേടുകൾക്ക് കുറ്റാരോപണ മെമ്മോ നൽകി

1. മഞ്ചേരി നഗരസഭയിൽ 97 - 98 സാമ്പത്തിക വർഷം വിവിധ റോഡുകളുടെ പണികളിൽ പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ചതിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചതു മുഖേന 21945/- രൂപയുടെ നഷ്ടം സംഭവിച്ചു.

2. 97-98 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾക്ക് അർഹമായതിലും അധിക നിരക്ക് നൽകിയതുവഴി 5382/- രൂപയുടെ സാമ്പത്തിക നഷ്ടം നഗരസഭയ്ക്ക് സംഭവിച്ചു.

3. 1997 - 98 ൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികളിലുൾപ്പെടാത്ത പ്രവൃത്തിക്ക് 70160/- രൂപ ചെലവഴിച്ചു.(പ്രോജക്ട് നം.26)

4. 97 - 98 ൽ പ്രോജക്ട് നമ്പർ 26 പ്രകാരം റോഡ് നിർമ്മാണത്തിന് റോഡ് മണ്ണിട്ടുനികത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അനുവദനീയമായ നിരക്കിനേക്കാൾ കൂടുതൽ തുക എസ്റ്റിമേറ്റിൽ കാണിച്ചതുനിമിത്തം കരാറുകാരനായ ശ്രീ.മുഹമ്മദ് എന്നയാൾക്ക് 7744/- രൂപ അധികം നൽകി.

5. അകത്തൂട്ട് ഹരിജൻ കോളനി റോഡ് കട്ടിംഗ് പ്രവൃത്തിയ്ക്ക് ഫൗണ്ടേഷൻ കണക്കാക്കും പ്രകാരം നിരക്ക് കണക്കാക്കിയതുവഴി 3837/- രൂപയും ഗുണഭോക്തൃ സമിതി മുഖേനയല്ലാതെ പ്രവൃത്തി നടത്തുക വഴി ടെണ്ടർ എക്സസ് ഇനത്തിൽ 36,281/-രൂപയും അധികം ചെലവഴിച്ചു.

6. നഗരസഭയിൽ 97 - 98 സാമ്പത്തിക വർഷം നടപ്പാക്കിയ പശുവളർത്തൽ പദ്ധതിയിൻകീഴിൽ (പ്രോജക്ട് നം.7) 10.06.98 ൽ പിൻവലിച്ച തുകയായ 1,00,000/- രൂപ സർക്കാർ ഉത്തരവുകൾക്കും പദ്ധതി നടത്തിപ്പുചട്ടങ്ങൾക്കും പ്രോജക്ടിനും കൗൺസിൽ തീരുമാനത്തിനും വിരുദ്ധമായി 30.06.98 ന് ശേഷം മാത്രം ചെലവാക്കി.

7. ഒരു ഗുണഭോക്താവിന് പരമാവധി 2000/- രൂപ മാത്രമേ അനുവദിക്കാവൂ എന്നിരിക്കെ ക്രമപ്രകാരമല്ലാതെ 4000/- രൂപ വിതം സബ്സിഡി നൽകി.

പരാമർശം 3 ലെ ശ്രീ.സജികുമാറിന്റെ പ്രതിവാദ പത്രികയിലെ അപേക്ഷ പ്രകാരം ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. ആഡിറ്റ് തടസ്സങ്ങളിൽ പറഞ്ഞിട്ടുള്ള എല്ലാ തുകയും അതതു കരാറുകാർ അടച്ചുകഴിഞ്ഞതായും എർത്ത് വർക്ക് എസ്കവേഷൻ റേറ്റ് വർഷങ്ങളായി തുടർന്നുപോരുന്നതും പി.ഡബ്ല്യു.ഡി ഷെഡ്യൂളിൽ നിർദ്ദേശിച്ച പ്രകാരം റേറ്റ് തയ്യാറാക്കിയത് ഓവർസിയറായ അബ്ദുൾ റഹിമാനാണെന്നും എസ്റ്റിമേറ്റുകളെല്ലാം മുനിസിപ്പൽതല വിദഗ്ധ സമിതി പരിശോധിച്ച് സാങ്കേതികാനുമതി നൽകിയിട്ടുണ്ടെന്നും തന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ല എന്നുമാണ് സജികുമാർ അഭിപ്രായപ്പെട്ടത്. ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുന്നത് മുനിസിപ്പൽ സെക്രട്ടറിയാണെന്നും ടിയാൻ അഭിപ്രായപ്പെട്ടു.

സജികുമാർ നൽകിയ വിശദീകരണം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കരാറുകാരൻ തുക തിരിച്ചടച്ചു എന്നത് അധികം ചെലവഴിച്ചതിന് ഒരു ന്യായീകരണമല്ല. അതിനാൽ ടിയാന് നൽകിയിരുന്ന കുറ്റാരോപണ മെമ്മോയിലെ ഐറ്റം നമ്പർ 1, 2, 4 , 5 എന്നിവയിൽ നിരപരാധിയെന്ന് കാണാനാവില്ല. ഈ സാഹചര്യത്തിൽ മഞ്ചേരി നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ.പി.ആർ.സജികുമാറിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടയാനുള്ള താൽക്കാലിക തീരുമാനം അറിയിച്ചുകൊണ്ട് പരാമർശം 4 പ്രകാരം അദ്ദേഹത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകി. ആരോപണം നിഷേധിച്ചുകൊണ്ടും തന്നെ കുറ്റവിമുക്തനാക്കണമെന്ന് ആവശ്യപ്പെട്ടും പരാമർശം 5 പ്രകാരം ശ്രീ.പി.ആർ.സജികുമാർ കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകി. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം ആരാഞ്ഞതിൽ പൊതുമരാമത്ത് പ്രവൃത്തികളിലുള്ള മണ്ണ് നിരക്ക് നിശ്ചയിക്കുന്നതിൽ വ്യക്തമായ സർക്കാർ ഉത്തരവ് നിലവിലില്ലെന്നും അതിനാൽ ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കാൻ കഴിയില്ലെന്നും പരാമർശം 6 ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

സജികുമാറിന്റെ പ്രതിവാദ പത്രികയും കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയും രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചാർജ്ജ് മെമ്മോയിലെ 1, 2, 4, 5 എന്നീ കുറ്റങ്ങൾ ശ്രീ.സജികുമാർ ചെയ്തതായി തെളിഞ്ഞിരിക്കുകയാൽ മഞ്ചേരി നഗരസഭ മുൻ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ.പി.ആർ .സജികുമാറിന്റെ വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ടുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അദ്ദേഹത്തിന്റെ പേരിലുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

രാജേഷ് കുമാർ സിംഗ്
ഗവൺമെന്റ് സെക്രട്ടറി

ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ശ്രീ. പി.ആർ.സജികുമാർ (തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (A & E)/Audit ), തൃശ്ശൂർ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.